# VIJAYABHERI

Malappuram District Panchayath Educational Project

**2020-21**



# Focus-'21

# Political Science

**Study material for higher secondary examination March '21**

# ആമുഖം

ഫോക്കസ്-'21 എന്ന പേരിൽ പ്ലസ് 2 വിദ്യാർത്ഥികൾക്ക് ഏറെ ഉപകാരപ്രദമായ ഒരു പഠന പിന്തുണാ വിഭവം പുറത്തിറക്കുന്നതിൽ മലപ്പുറം ജില്ലാ പഞ്ചായത്തിന് വളരെ സന്തോഷമുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ വ്യാപനത്തിന് ജില്ലാ പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. വിജയഭേരി പദ്ധതിയിലൂടെ വിദ്യാഭ്യാസരംഗത്ത് ഗുണകരമായ ഏറെ മാറ്റങ്ങൾ കൈവരിക്കാൻ ജില്ലക്ക് സാധിച്ചിട്ടുണ്ട്. പ്രൈമറി തലത്തിലേക്കും ഹയർസെക്കണ്ടറി/വി.എച്ച്.എസ്.സി. മേഖലയിലേക്കും വിജയഭേരി പ്രവർത്തനം വ്യാപിപ്പിച്ചത് വഴി ആ മേഖലകളിലും ഗുണകരമായ മാറ്റങ്ങൾ കണ്ടു തുടങ്ങിയിട്ടുണ്ട്.

ഫോക്കസ് - '21 ഒരു പുതിയ തുടക്കമാണ്. സർക്കാർ പുറത്തിറക്കിയ ഓരോ വിഷയത്തിന്റെയും ഫോക്കസ് മേഖലകളിൽ കുട്ടികളെ സഹായിക്കുന്നതിന് വേണ്ടിയാണ് ഫോക്കസ് -'21 എന്ന പേരിൽ ഒരു പഠന പിന്തുണ വിഭവം ജില്ലാ പഞ്ചായത്ത് പുറത്തിറക്കുന്നത്. ഇത് കുട്ടികൾക്ക് ഏറെ സഹായകരമാവുമെന്ന കാര്യത്തിൽ തർക്കമില്ല. പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്കും ഏറെ മുന്നിലുള്ളവർക്കും സഹായകരമായ രീതിയിലാണ് ഫോക്കസ്-'21 തയ്യാറാക്കിയിട്ടുള്ളത്. മലപ്പുറം ഡയറ്റാണ് ഈ ഉദ്യമത്തിന് അക്കാദമികമായ പിന്തുണ നൽകിയിട്ടുള്ളത്.

കുറഞ്ഞ ദിവസങ്ങൾക്കുള്ളിലാണ് നമ്മുടെ അധ്യാപകർ ഫോക്കസ്-'21 എന്ന വിഭവം തയ്യാറാക്കിയിട്ടുള്ളത്. ഇക്കാര്യത്തിൽ നമ്മുടെ അധ്യാപകർ പ്രത്യേക അഭിനന്ദനം അർഹിക്കുന്നുണ്ട്. ഈ ഉദ്യമത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. എല്ലാ കുട്ടികൾക്കും ഇതിന്റെ ഗുണഫലം കിട്ടേണ്ടതുണ്ട്. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

എല്ലാവരുടെയും സഹകരണ പ്രതീക്ഷയോടെ,

**എം. കെ. റഫീഖ**
പ്രസിഡണ്ട്
ജില്ലാ പഞ്ചായത്ത്, മലപ്പുറം

**നസീബ അസീസ്**
ചെയർപേഴ്സൺ, ആരോഗ്യ
വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി
ജില്ലാ പഞ്ചായത്ത്, മലപ്പുറം

**ശ്രീമതി സ്നേഹലത**
RDD മലപ്പുറം
.

**ഡോ. പി.കെ. അബ്ദുൾ ഗഫൂർ**
പ്രിൻസിപ്പാൾ, ഡയറ്റ് മലപ്പുറം

**ശ്രീ. എം. ഉബൈദുള്ള**
എ.ഡി. വി.എച്ച്.എസ്.സി, കുറ്റിപ്പുറം മേഖല

# POLITICAL SCIENCE

[ Plus two]

Module Prepared By

**MUHAMMED IQBAL.M**

HSST Political Science
PPMHSS Kottukkara

**BINU K GEORGE**

HSST Political Science
St Mary's HSS Pariyapuram

**MARAKKAR VILLAN**

HSST Political Science
IKTHSS Cherukulamba

# Chapter-1
# *രാഷ്ട്രനിർമ്മാണത്തിലെ വെല്ലുവിളികൾ*

ഇന്ത്യക്കുള്ളിൽ ഭീകരവാഴ്ച സൃഷ്ടിക്കാൻ ഹൈദരാബാദ് നൈസാം ഏർപ്പെടുത്തിയ മുസ്ലീം മതഭ്രാന്തന്മാരുടെ ഭീകര ഗ്രൂപ്പ്?

***റസാക്കർ* (Razakars)**

അധികാരകൈമാറ്റം എന്ന പുസ്തകം രിച്ചത്?

***വി.പി. മേനോൻ***

ഇന്ത്യയുടെ ആദ്യത്തെ ഉപപ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി എന്നീ പദവികൾ വഹിച്ച വ്യക്തി?

***സർദാർ വല്ലഭായി പട്ടേൽ***

അയൺ മാൻ ഓഫ് ഇന്ത്യ (ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ) എന്നറിയപ്പെടുന്ന വ്യക്തി?

***സർദാർ വല്ലഭായി പട്ടേൽ***

ബർദോളി കർഷക സമരം സംഘടിപ്പിച്ചത്?

***സർദാർ വല്ലഭായി പട്ടേൽ***

ഹൈദരാബാദ് ഭരണാധികാരിയുടെ സ്ഥാനപേര്

***നൈസാം***

കോൺഗ്രസ് പാർട്ടിയുടെ പുനസംഘടന ഭാഷാടിസ്ഥാനത്തിൽ ആകണമെന്ന് തീരുമാനിച്ച സമ്മേളനം

***1920ലെ നാഗ്പുർ സമ്മേളനം***

വിധിയുമായുള്ള കൂടിക്കാഴ്ച (Tryst with destini) എന്ന വിഖ്യാത പ്രസംഗം നടത്തിയത്?

***ജവഹർലാൽ നെഹ്റു***

അതിർത്തി ഗാന്ധി?

***ഖാൻ അബ്ദുൽ ഖാഫർ ഖാൻ***

NWFP --- **North West Frontier Province**

(വടക്ക്-പടിഞ്ഞാറൻ അതിർത്തി പ്രവിശ്യ)

ദ്വിരാഷ്ട്ര സിദ്ധാന്തം പാക്കിസ്ഥാൻ ഡിമാൻഡ് എന്നിവ മുന്നോട്ടുവെച്ചത്?

***മുസ്ലിം ലീഗ് (1906ൽ സ്ഥാപിക്കപ്പെട്ടു)***

സ്വതന്ത്ര്യ സമയത്ത് നാട്ടുരാജ്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നം ആദ്യം ഉടലെടുത്തത്?

***തിരുവിതാംകൂറിൽ*** (ദിവാൻ-സർ സി.പി. രാമസ്വാമി അയ്യർ).

ജനഹിത പരിശോധനയിലുടെ ഇന്ത്യൻ യൂണിയന്റെ ഭാഗമായിത്തീർന്ന നാട്ടുരാജ്യം?

***ജുനഗഡ്***

സൈനിക നടപടിയിലൂടെ ഇന്ത്യൻ യൂണിയനിലേക്ക് കൂട്ടിച്ചേർത്ത് നാട്ടുരാജ്യം?

***ഹൈദരാബാദ്***

സ്വാതന്ത്ര്യ സമയത്തെ മണിപ്പൂരിലെ ഭരണാധികാരി?

***ബോധ ചന്ദ്ര സിങ്ങ്***

പ്രായപൂർത്തി വോട്ടവകാശത്തിനും അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം?

***മണിപ്പൂർ***

ഭാഷ അടിസ്ഥാനത്തിൽ നിലവിൽ വന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം?

***ആന്ധ്രാ സംസ്ഥാനം*** **(State of Andhra) 1953 October 1**

ഭാഷ സംസ്ഥാന രൂപീകരണം ആവശ്യപ്പെട്ട് മരണം വരെ ഉപവാസം അനുഷ്ഠിച്ച ഗാന്ധിയൻ?

***പോറ്റി ശ്രീരാമലു***

ഭാഷ സംസ്ഥാന രൂപീകരണത്തിനായി രൂപീകരിച്ച കമ്മീഷൻ

***സംസ്ഥാന പുനസംഘടനാ കമ്മീഷൻ*** **(State reorganisation commission) 1953**

സംസ്ഥാന പുനസംഘടന കമ്മീഷൻ അധ്യക്ഷൻ

***ജസ്റ്റിസ് ഫസൽ അലി***

***സ്വതന്ത്ര ഇന്ത്യ നേരിട്ട മൂന്ന് വെല്ലുവിളികളെ കുറിച്ച് വിശദീകരിക്കുക.***

രാഷ്ട്ര നിർമ്മാണം ജനാധിപത്യ സ്ഥാപനം സമൂഹത്തിന്റെ ക്ഷേമവും വികസനവും ഉറപ്പു വരുത്തുക എന്നിവയാണ് സ്വതന്ത്ര ഇന്ത്യ നേരിട്ട മൂന്ന് വെല്ലുവിളികൾ.

1. ***രാഷ്ട്രനിർമ്മാണം :-*** ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ ഭാഷാപരവും, മതപരവും, സാംസ്കാരികവുമായ വൈവിധ്യം നിലനിന്നിരുന്നു. ഇത്രയധികം വൈവിധ്യങ്ങൾ ഉള്ള ഒരു രാജ്യം ഏറെക്കാലം ഒത്തൊരുമയോടെ നിലനിൽക്കുകയില്ല എന്ന വിശ്വാസം നിലനിന്നിരുന്നു. അതിനാൽ ഇന്ത്യയുടെ ദേശീയവും ഭൂപരവുമായ ഐക്യം പടുത്തുയർത്തുക എന്നതായിരുന്നു ആദ്യത്തെ വെല്ലുവിളി. പ്രാദേശികവും, ഉപദേശീയവുമായ സത്വങ്ങളെ നിരാകരിക്കാതെ നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തെ അടിസ്ഥാനമാക്കി രാഷ്ട്രനിർമ്മാണത്തിനു തുടക്കം കുറിക്കുകയെന്നത് ശ്രമകരമായ ദൗത്യമായിരുന്നു.

2. ***ജനാധിപത്യ സ്ഥാപനം :-*** ഇന്ത്യൻ ഭരണഘടന പാർലമെന്ററി രീതിയിലുള്ള പ്രധിനിത്യ ജനാധിപത്യം വിഭാവനം ചെയ്തു. പൗരന്മാർക്ക് മൗലികാവകാശങ്ങളും വോട്ടവകാശവും നൽകി. എന്നാൽ ജനാധിപത്യപരമായ ഭരണഘടനാ കൊണ്ടുമാത്രം ജനാധിപത്യം സ്ഥാപിക്കാൻ കഴിയില്ല. ഭരണഘടനാനുസൃതമായി ജനാധിപത്യ സമ്പ്രദായങ്ങൾ വികസിപ്പിച്ചെടുക്കുക എന്നതായിരുന്നു പ്രധാന വെല്ലുവിളി.

3. ***സമൂഹത്തിന്റെ ക്ഷേമവും വികസനവും ഉറപ്പു വരുത്തുക :-*** പുരോഗതി ഏതാനും വിഭാഗങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാൻ പാടില്ല. ഈ ലക്ഷ്യം നടപ്പിലാക്കാനായി ഭരണഘടന പ്രത്യേകം ആശയങ്ങൾ ഉൾപ്പെടുത്തി. ഉദാ:- സമത്വാശയം, നിർദേശക തത്വങ്ങൾ, സംവരണം മുതലായവ.

***മതഭൂരിപക്ഷങ്ങൾ എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് ഇന്ത്യ വിഭജിക്കപ്പെട്ടത് സമർത്ഥിക്കുക.***

ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യയിലുണ്ടായ വർഗ്ഗീയതയുടെ വളർച്ചയാണ് ഇന്ത്യാവിഭജനത്തിൽ കലാശിച്ചത്. മുസ്ലീം ലീഗിന്റെ ദ്വിരാഷ്ട്രസിദ്ധാന്തം, പാക്കിസ്ഥാൻ ഡിമാൻഡ് എന്നിവ മുസ്ലീങ്ങൾക്ക് പ്രത്യേക രാഷ്ട്രം വേണമെന്ന ആവശ്യം ഉന്നയിച്ചു ദ്വിരാഷ്ട്ര സിദ്ധാന്തം മുസ്ലീങ്ങളും, ഹിന്ദുക്കളും രണ്ട് വ്യത്യസ്ത ജനതകളാണെന്ന് അവകാശപ്പെട്ടു അവരുടെ മത ദർശനങ്ങളും, സാമൂഹികാചാരങ്ങളും, സാഹിത്യവും വിഭിന്നങ്ങളാണ് അതിനാൽ ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ട് രാഷ്ട്രങ്ങളാണെന്നും അവർക്ക് ഒരുമിച്ച് ജീവിക്കാൻ കഴിയില്ലെന്നും ദ്വിരാഷ്ട്ര സിദ്ധാന്തം പ്രഖ്യാപിച്ചു. അതിനാൽ ഇന്ത്യയിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങൾ ഉൾപ്പെടുത്തി പാക്കിസ്ഥാൻ എന്ന മുസ്ലീം രാഷ്ട്രം രൂപീകരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു കോൺഗ്രസ് ഈ വാദഗതിയെ എതിർത്തെങ്കിലും 1947ൽ മുതഭൂരിപക്ഷങ്ങൾ എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയെ രണ്ടായി വിഭജിച്ചു.

***ഇന്ത്യാ വിഭജനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്തെല്ലാം?***

മതഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ വിഭജനം നടത്തുക എന്ന ആശയം പ്രത്യക്ഷത്തിൽ ലളിതമാണെങ്കിലും അത് നാലുതരത്തിലുള്ള പ്രശ്നങ്ങൾ സൃഷ്ടിച്ചു.

***1. ബ്രിട്ടീഷ് ഇന്ത്യയിൽ മുസ്ലീം ഭൂരിപക്ഷമുള്ള പ്രദേശങ്ങളുടെ ഒരു ഏകമേഖല ഉണ്ടായിരുന്നില്ല.***

മുസ്ലീം ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ ഇന്ത്യയുടെ കിഴക്കും പടിഞ്ഞാറുമായി കേന്ദ്രീകരിക്കപ്പെട്ടിരുന്നു. ഈ മേഖലകളെ ബന്ധിപ്പിക്കുക അസാധ്യമായിരുന്നു. അതിനാൽ പുതുതായി രൂപീകരിക്കപ്പെടുന്ന പാക്കിസ്ഥാൻ എന്ന രാഷ്ട്രത്തിന് കിഴക്കൻ പാക്കിസ്ഥാൻ എന്നും പടിഞ്ഞാറൻ പാക്കിസ്ഥാൻ എന്നും രണ്ട് മേഖലകൾ ഉണ്ടാകുമെന്ന് തീരുമാനിക്കപ്പെട്ടു.

***2. മുസ്ലീം ഭൂരിപക്ഷമുള്ള എല്ലാ പ്രദേശങ്ങളും പാക്കിസ്ഥാനിൽ ചേരാൻ ആഗ്രഹിച്ചിരുന്നില്ല.***

ഉദാഹരണമായി ദ്വിരാഷ്ട്ര സിദ്ധാന്തത്തിന്റെ വിമർശകനും അതിർത്തിഗാന്ധി എന്ന പേരിൽ വിഖ്യാതനുമായ ഖാൻ അബ്ദുൾ ഖാഫർഖാൻ വടക്കുപടിഞ്ഞാറൻ അതിർത്തിപ്രവിശ്യ **(NWFP-North West Frontier Province)** കളെ പാക്കിസ്ഥാനിൽ ചേർക്കുന്നതിനെ ശക്തമായി എതിർത്തു എന്നാൽ അദ്ദേഹത്തിന്റെ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് **NWFP** നെ പാക്കിസ്ഥാനിൽ ലയിപ്പിച്ചു.

***3. ബ്രിട്ടീഷ് ഇന്ത്യയിലെ മുസ്ലീം ഭൂരിപക്ഷ പ്രവിശ്യകളായ പഞ്ചാബിലും ബംഗാളിലും അമുസ്ലിങ്ങൾക്ക് ഭൂരിപക്ഷമുള്ള അനേകം വലിയ പ്രദേശങ്ങൾ***

***ഉണ്ടായിരുന്നു.*** ഈ പ്രവിശ്യകളെ പൂർണ്ണമായും പാക്കിസ്ഥാന് വിട്ടുകൊടുക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിച്ചു. സ്വാതന്ത്ര്യത്തിന്റെ തലേദിവസം ഇതു സംബന്ധിച്ച് തീരുമാനം ഇന്ത്യയിലാണോ, പാക്കിസ്ഥാനിലാണോ എന്ന് അറിയില്ലായിരുന്നു. ഇത് ജനങ്ങളുടെ മനസ്സിൽ അസംതൃപ്തി സൃഷ്ടിച്ചു.

***4. വിഭജന പ്രക്രിയയിലെ ഏറ്റഴും അനിയന്ത്രിതമായ പ്രശ്നം അതിർത്തിയുടെ ഇരുവശത്തേയും ന്യൂനപക്ഷങ്ങളുടേതായിരുന്നു.*** രാജ്യം വിഭജിക്കപ്പെടുമെന്നായപ്പോൾ ഇരു ഭാഗങ്ങളിലെയും ന്യൂനപക്ഷങ്ങൾ ക്രൂരമായ ആക്രമണങ്ങൾക്കിരയായി. ഈ പ്രശ്നം ആരും തന്നെ മുൻകൂട്ടി കണ്ടിരുന്നില്ല. എല്ലാവരുടേയും കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് അക്രമം നിയന്ത്രണാതീതമായപ്പോൾ അതിർത്തിയുടെ ഇരു ഭാഗങ്ങളിലുമുള്ള ന്യൂനപക്ഷങ്ങൾ പാലായനം ചെയ്തു.

**Q.** ***വിഭജനത്തിന്റെ പ്രത്യാഘാതങ്ങൾ എന്തെല്ലാം?***

1947ൽ ഇന്ത്യയിൽ നിന്ന് പാക്കിസ്ഥാനിലേക്കും തിരിച്ചും ജനങ്ങളെ കൈമാറാൻ തുടങ്ങി. മാനവ ചരിത്രത്തിൽ അന്നേ വരെ കണ്ടിട്ടില്ലാത്ത് അത്രയും വിപുലവും ആകസ്മികവും അനസൂത്രിതവും ദുരന്തപൂർണ്ണവുമായ മനുഷ്യ കൈമാറ്റമായിരുന്നു അത്. അതിർത്തിയുടെ ഇരു ഭാഗങ്ങളിലും വർഗീയ ലഹളകളും കൂട്ടക്കൊലകളും അരങ്ങേറി. ലാഹോർ, കോൽക്കത്ത, അമൃതസർ എന്നീ നഗരങ്ങൾ സാമുദായിക മേഖലകളായി വിഭജിക്കപ്പെട്ടു. നാടും, വീടും ഉപേക്ഷിച്ച് അതിർത്തിക്കപ്പുറത്തേക്ക് നീങ്ങുവാൻ നിർബന്ധിതരായവർക്ക് കടുത്ത യാതനകൾ അനുഭവിക്കേണ്ടി വന്നു. പലർക്കും കാൽനടയായി യാത്രചെയ്യേണ്ടി വന്നു. പലരും കൊല്ലപ്പെട്ടു. സ്ത്രീകൾ മാനഭംഗത്തിനിരയായി. പലരേയും തട്ടുക്കൊണ്ടു പോയി. നിരവധിപ്പേർ അപഹർത്താക്കളുടെ മതം സ്വീകരിക്കാൻ നിർബന്ധിതരായി. അതിർത്തി കടന്നെത്തിയവർ ഭവനരഹിതരായ അഭയാർത്ഥികളായിത്തീർന്നു.

വിഭജനമെന്നത് സമ്പത്തിന്റെയും, ആസ്തികളുടേയും, ബാധ്യതകളുടേയും, ഭരണസാമഗ്രികളുടേയും പങ്കിട്ടെടുക്കൽ മാത്രമായിരുന്നില്ല. ഇതോടൊപ്പം മേശകൾ, കസേരകൾ, ടൈപ്പ്റൈറ്ററുകൾ, പേപ്പർക്ലിപ്പുകൾ, പുസ്തകങ്ങൾ പോലീസ് ബാൻഡിന്റെ സംഗീത ഉപകരണങ്ങൾ തുടങ്ങിയ സാമഗ്രികളും ഭാഗിക്കപ്പെട്ടു. ഗവൺമെന്റ്-റെയിൽവേ ജീവനക്കാരും ഭാഗിക്കപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നു. ഇന്ത്യിലേയും, പാക്കിസ്ഥാനിലേയും എഴുത്തുകാരും, കവികളും, സിനിമ നിർമ്മാതക്കളും വിഭജനത്തിന്റെ മുറിവുകളെ ഹൃദയങ്ങളുടെ വിഭജനം എന്നാണ് വിശേഷിപ്പിച്ചത്.

***1948 ൽ ഗാന്ധിജി തന്റെ അന്തിമ ഉപവാസം ആരംഭിച്ചു ഗാന്ധിജിയെ ഇതിനു പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?***

ഇന്ത്യാ വിഭജനത്തെ തുടർന്നുണ്ടായ വർഗീയലഹളകൾ ഗാന്ധിജിയെ വളരെയധികം ദു:ഖിതനാക്കി. കുഴപ്പ കാലത്ത് അഹിംസയും സത്യാഗ്രഹവും ജനങ്ങളെ ബന്ധിപ്പിക്കുന്നതിൽ പരാജയപ്പെട്ടത് അദ്ദേഹത്തെ ഏറെ വേദനിപ്പിച്ചു. കലാപഭൂമിയിലൂടെ സഞ്ചരിച്ചുകൊണ്ട് അക്രമം കൈവെടിയാൻ ഗാന്ധിജി ജനങ്ങളെ പ്രേരിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥനാ യോഗങ്ങൾ വൻ ജനാവലിയെ ആകർഷിച്ചു. ഇത് സ്ഥിതി മെച്ചപ്പെടുന്നതിനും സാമുദായിക സൗഹൃദം വർദ്ധിക്കുവാനും ഇടയാക്കി. എന്നാൽ വീണ്ടും ഹിന്ദു-മുസ്ലീം ലഹളകൾ പൊട്ടിപ്പുറപ്പെടുമ്പോൾ സമാധാനം സ്ഥാപിക്കുന്നതിനായി 1948 ജനുവരിയിൽ ഗാന്ധിജി ഉപവാസം ആരംഭിച്ചു. ഇന്ത്യാ ഗവൺമെന്റ് പാക്കിസ്ഥാന് നൽകാമെന്നേറ്റിരുന്ന പണം നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഹിന്ദു-മുസ്ലീം സമുദായങ്ങളിലെ തീവ്രവാദികൾക്ക് ഇഷ്ടമായിരുന്നില്ല. ഹിന്ദു മുസ്ലീം ഐക്യത്തിനായുള്ള ഗാന്ധിജിയുടെ ശ്രമങ്ങളിൽ പ്രകോപിതരായ ഹൈന്ദവ തീവ്രവാദികൾ അദ്ദേഹത്തിനെതിരെ വധശ്രമങ്ങൾ നടത്തി. ഒടുവിൽ 1948 ജനുവരി 30 ന് നാഥുറാം ഗോഡ്സെ എന്ന ഹൈന്ദവ മതഭ്രാന്തൻ ഗാന്ധിജിയെ വെടിവെച്ചുകൊന്നു.

**Q.** ***നാട്ടുരാജ്യങ്ങളുടെ സംയോജന പ്രക്രിയയും പ്രശനങ്ങളും വിവരിക്കുക.***

സ്വാതന്ത്ര്യ സമയത്ത് ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിലുണ്ടായിരുന്ന 565 നാട്ടുരാജ്യങ്ങൾ ഉണ്ടായിരുന്നു. 1947ലെ ഇന്ത്യൻ സ്വാതന്ത്രയ നിയമമനുസരിച്ച് ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾക്ക് സ്വതന്ത്ര ഇന്ത്യയിലോ പാക്കിസ്ഥാനിലോ ചേരുവാനോ അല്ലെങ്കിൽ സ്വതന്ത്രരാഷ്ട്രമായി നിലനിൽക്കാനോ അധികാരമുണ്ടായിരുന്നു. ഈ തീരുമാനമെടുക്കാനുള്ള അധികാരം നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾക്കാണ് നൽകിയിരുന്നത്, ജനങ്ങൾക്കായിരുന്നില്ല. 565 നാട്ടുരാജ്യങ്ങൾ നിയമപരമായി സ്വതന്ത്രമാകാം എന്ന് ഇതോടെ വ്യക്തമായി. ഏകീകൃത ഇന്ത്യയുടെ നിലനിൽപ്പിനെ ബോധിക്കുന്ന പ്രശ്നമായിരുന്നു ഇത്. ബ്രിട്ടീഷുകാർ ഇന്ത്യ വിടുന്ന ദിവസം തിരുവിതാംകൂർ സ്വതന്ത്രരാജ്യമായി തീരുമെന്ന് ദിവാൻ പ്രഖ്യാപിച്ചതോടെ പ്രശനങ്ങൾക്ക് തുടക്കമായി. മറ്റ് പല നാട്ടുരാജ്യങ്ങളും സമാനമായ പ്രഖ്യാപനങ്ങൾ നടത്തി.

സർദാർ വല്ലഭായി പട്ടേൽ, വി.പി. മോനോൻ, മൗണ്ട് ബാറ്റൺ പ്രഭു എന്നിവർ ചേർന്ന് നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനായി അവർ ഒരു ലയനകരാർ തയ്യാറാക്കി. തുടർന്ന് ഇവർ നടത്തിയ തന്ത്രപരമായി നീക്കങ്ങളുടെ ഫലമായി ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയന കരാറിൽ ഒപ്പുവെച്ച് ഇന്ത്യൻ യൂണിയനിൽ ചേർന്നു. എന്നാൽ ജുനഗഡ്, കാശ്മീർ, ഹൈദരാബാദ്, മണിപ്പൂർ എന്നീ നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള പ്രവേശനം സങ്കീർണമായിരുന്നു.

***ജുനഗഡ്***

ജുനഗഡിലെ നവാബ് ജനാഭിലാഷത്തിന് വിരുദ്ധമായി രാജ്യത്തെ പാക്കിസ്ഥാനിൽ ലയിപ്പിക്കാൻ തീരുമാനിച്ചു. ഇതിനെതിരെ ജനകീയ പ്രക്ഷോഭം ശക്തമായപ്പോൾ നവാബ് ഒളിച്ചോടി. തുടർന്ന് 1948ൽ ജനഹിത പരിശോധന നടത്തുകയും ജനാഭിലാഷ പ്രകാരം ജുനഗഡിനെ ഇന്ത്യൻ യൂണിയനോട് കൂട്ടിച്ചേർക്കുകയും ചെയ്തു.

***മണിപ്പൂർ***

സ്വാതന്ത്ര്യത്തിന് തൊട്ടുമുമ്പ് മണിപ്പൂരിലെ മഹാരാജാവായ ബോധചന്ദ്രസിംഗ ലയന കരാറിൽ ഒപ്പുവെച്ചു. മണിപ്പൂരിലെ ആഭ്യന്തര സ്വയംഭരണം നിലനിർത്താമെന്ന ഉറപ്പിലാണ് രാജാവ് ഇതിന് തയ്യാറായത്. 1948 ജൂണിൽ പൊതുജനാഭിപ്രായം മാനിച്ച് മണിപ്പൂരിൽ തെരഞ്ഞെടുപ്പ് നടത്താൻ രാജാവ് സമ്മതിച്ചു. മണിപ്പൂരിനെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിൽ മണിപ്പൂർ നിയമമിർമ്മാണസഭയിൽ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തു. സ്റ്റേറ്റ് കോൺഗ്രസ് മാത്രമാണ് ലയനത്തെ പിന്തുണച്ചത്. രാജാവിനേ മേൽ സമ്മർദ്ദവും സ്വാധീനവും ചെലുത്തി 1949 സെപ്തംബറിൽ അദ്ദേഹത്തെക്കൊണ്ട് ഇന്ത്യാ ഗവൺമെന്റ് ലയന കരാറിൽ ഒപ്പു വയ്പ്പിച്ചു. മണിപ്പൂർ നിയമനിർമ്മാണസഭയുമായി ആലോചിക്കാതെയാണ് ഈ കരാർ ഉണ്ടാക്കിയത്. ഇത് വൻ ജനരോഷത്തിന് ഇടയാക്കി. ഇതിന്റെ പ്രത്യാഘാതങ്ങൾ ഇനിയും കെട്ടടങ്ങിയിട്ടില്ല.

***ഹൈദരാബാദ്***

ഹൈദരാബാദിലെ ഭരണാധികാരിയായിരുന്ന നൈസാം തന്റെ രാജ്യത്തെ ഇന്ത്യക്കുള്ളിലെ ഒരു സ്വതന്ത്ര രാഷ്യട്രമായി നിലനിർത്താൻ ആഗ്രഹിച്ചു. ഇതിനു കഴിയാതെ വന്നപ്പോൾ ഇന്ത്യൻ യൂണിയനിൽ നിന്ന് ചില പ്രത്യേക പരിഗണനകൾ ലഭിക്കാൻ അദ്ദേഹം ശ്രമിച്ചു. 1947ൽ നൈസാം ഇന്ത്യാ ഗവൺമെന്റുമായി ഒരു യാഥാസ്ഥിതിക കരാറിൽ (Stand still agreement) ഒപ്പു വെച്ചു.

എന്നാൽ ഹൈദരാബാദിൽ നൈസാമിന്റെ ഭരണത്തിനെതിരെ ജനകീയ പ്രസ്ഥാനം ശക്തി പ്രാപിച്ചു. കമ്മ്യൂണിസ്റ്റുകളും, ഹൈദരാബാദ് കോൺഗ്രസും ഈ പ്രസ്ഥാനത്തിന്റെ മുൻനിരയിൽ ഉണ്ടായിരുന്നു. തെലങ്കാനയിലെ കർഷകരും, സ്ത്രീകളും പ്രക്ഷോഭത്തിൽ ധാരാളമായി പങ്കെടുത്തു. പാക്കിസ്ഥാനുമായി രഹസ്യ ബന്ധം സ്ഥാപിച്ചുകൊണ്ട് റസാക്കർ എന്ന അർദ്ധസൈനിക വിഭാഗത്തെ ഉപയോഗിച്ചു ഇന്ത്യക്കകത്ത് ഭീകരവാഴ്ച അഴിച്ചു വിടാൻ നൈസാം ശ്രമിച്ചു. സ്ഥിതിഗതികൾ വഷളായപ്പോൾ കേന്ദ്ര ഗവൺമെന്റ് സൈനികമായി ഇടപെടാൻ തീരുമാനിച്ചു. 1948 സെപ്തംബറിൽ ഇന്ത്യൻ സൈന്യം ഹൈദരാബാദിൽ പ്രവേശിച്ചു. തുടർന്ന് 1950 ജനുവരി 26ന് ഹൈദരാബാദ് ഔദ്യോഗികമായി ഇന്ത്യൻ യൂണിയനിൽ പ്രവേശിച്ചു.

***സംസ്ഥാനങ്ങളുടെ പുന:സംഘടന വിശദീകരിക്കുക***

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചാൽ അത് ഒരു രാജ്യത്തിന്റെ തകർച്ചക്കും, ശിഥിലീകരണത്തിനും ഇടയാക്കുമെന്ന് ദേശീയ നേതാക്കൾ കരുതി. രാജ്യം നേരിട്ടുകൊണ്ടിരുന്ന സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികളിൽ നിന്ന് ശ്രദ്ധ തിരിക്കുമെന്നും ദേശീയ നേതാക്കൾ കരുതി. വിഭജനത്തിന്റെ നടുക്കുന്ന ഓർമ്മകളും നാട്ടുരാജ്യങ്ങളുടെ സംയോജന പ്രക്രിയ പൂർത്തിയാകാത്തതും ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണം നീട്ടിവെക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചു. ഭാഷാ സംസ്ഥാന രൂപീകരണം പ്രാദേശിക വാദത്തിനും കേന്ദ്ര ഗവൺമെന്റിന്റെ നിലനിൽപ്പിനും ഭീഷണിയാകുമെന്ന് നെഹ്റു കരുതി. എന്നാൽ ഇത്തരം ഭയാശങ്കകൾ അടിസ്ഥാനരഹിതമായിരുന്നു.

ഇന്ത്യയിലെ ആദ്യത്തെ ഭാഷാ സംസ്ഥാനമായ ആന്ധ്രപ്രദേശ് 1953 ഒക്ടോബർ 1നാണ് നിലവിൽ വന്നത്. ഒരു പ്രത്യേക ആന്ധ്ര സംസ്ഥാനത്തിനു വേണ്ടി പോരാടിയ പ്രസ്ഥാനമാണ് വിശാലാന്ധ്ര പ്രസ്ഥാനം. പോറ്റി ശ്രീരാമലു ആന്ധ്ര സംസ്ഥാനം രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഉപവാസം നടത്തി. ആന്ധ്ര സംസ്ഥാനത്തിന്റെ രൂപീകരണം ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണത്തിലേക്കുള്ള ആദ്യത്തെ ചുവടു വെയ്പ്പായിരുന്നു. 1953ൽ സംസ്ഥാന പുന:സംഘടന കമ്മീഷൻ നിയമിക്കപ്പെട്ടു. ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുന:സംവിധാനം ചെയ്യണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956ൽ ഇന്ത്യൻ സംസ്ഥാന പുന:സംഘടന നിയമം പാസാക്കി. ഈ നിയമമനുസരിച്ച് ഇന്ത്യയിൽ 14 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വന്നു.

# Chapter 2

# ഏക പാർട്ടി മേധാവിത്വത്തിന്റെ കാലഘട്ടം

## objective Questions

1. ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന വർഷം. **ഉ: 1950 ജനുവരി 26**
2. ഇന്ത്യയിലെ ഒന്നാമത്തെ ചീഫ് ഇലക്ഷൻ കമ്മീഷണർ **ഉ: സുകുമാർ സെൻ**
3. ഇന്ത്യയിലെ ആദ്യ പൊതു തെരഞ്ഞെടുപ്പ് നടന്ന വർഷം. **ഉ: 1952**
4. 1952 ലെ പൊതു തിരഞ്ഞെടുപ്പിൽ എറ്റവും കൂടുതൽ സീറ്റുകൾ കരസ്ഥമാക്കിയ രണ്ടാമത്തെ രാഷ്ട്രീയകക്ഷി. **ഉ: കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ ( CPI)**
5. 1952 ലെ ലോകസഭ തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യക്ക് എന്ന സീറ്റുകൾ ലഭ്യമായി? **ഉ:16**
6. ആദ്യ പൊതു തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ലഭിച്ച സീറ്റുകൾ. **ഉ: 364**
7. ലോകത്തിലാദ്യമായി ജനാധിപത്യ തിരഞ്ഞെടുപ്പിലൂടെ നിലവിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് എവിടെയാണ്? **ഉ. കേരളം**
8. കേരളം രൂപം കൊണ്ട വർഷം?. **ഉ: 1956 നവമ്പർ 1**
9. ആദ്യ കേരള അസംബ്ലി തെരഞ്ഞെടുപ്പ് നടന്നത് എന്ന്.? **ഉ: 1957**
10. കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി ആര്?. **ഉ. ഇഎംഎസ് നമ്പൂതിരിപ്പാട്**
11. കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ പുറത്താക്കുന്നതിനു വഴിതെളിച്ച സമരം?. **ഉ:വിമോചന സമരം**
12. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിൽ പിളർപ്പ് ഉണ്ടായ വർഷം? **ഉ. 1964**
13. സോഷ്യലിസ്റ്റ് പാർട്ടി രൂപം കൊണ്ട വർഷം? **ഉ. 1934**
14. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ആദ്യത്തെ പ്രസിഡന്റ് ആരായിരുന്നു? **ഉ. ആചാര്യ നരേന്ദ്ര ദേവ്**
15. ഹിന്ദു കോഡ് ബില്ലുമായുള്ള അഭിപ്രായവ്യത്യാസത്തെ തുടർന്ന് നെഹ്റു മന്ത്രിസഭയിൽ നിന്ന് 1951 രാജി സമർപ്പിച്ചതാര് **ഉ:ഡോക്ടർ ബി ആർ അംബേദ്കർ**
16. 1936 ൽ സ്വതന്ത്ര ലേബർ പാർട്ടി രൂപീകരിച്ചതാര്? **ബി, ആർ അംബേദ്കർ**
17. ഭാരതീയ ജനസംഘത്തിന്റെ സ്ഥാപക പ്രസിഡന്റ് ? **ഉ:ശ്യാമപ്രസാദ് മുഖർജി**
18. ഭാരതീയ ജനസംഘം രൂപീകരിച്ചവർഷം? **1951**
19. ഭാരതീയ ജനസംഘത്തിന്റെ മുദ്രാവാക്യം . **ഉ: ഒരു രാജ്യം ഒരു സംസ്കാരം ഒരു ദേശം**

## Short Questions

1. **സ്വാതന്ത്ര്യം കിട്ടിയ ഉടനെ തിരഞ്ഞെടുപ്പ് നടത്താനുള്ള പ്രയാസങ്ങൾ എന്തെല്ലാമായിരുന്നു.?**

Ans: ഇന്ത്യയെപ്പോലെ ബൃഹത്തായ ഒരു രാജ്യത്ത് അതിവേഗത്തിലൊന്നും തെരഞ്ഞെടുപ്പ് നടത്താനായില്ല. സ്വാതന്ത്ര്യം കിട്ടിയ ഉടനെ ഇലക്ഷൻ നടത്താനുള്ള പ്രയാസങ്ങൾ താഴെ പറയുന്നവയായിരുന്നു.

1. മണ്ഡലങ്ങളുടെ അതിർത്തി നിർണയിച്ചിട്ടുണ്ടായിരുന്നില്ല
2. വോട്ടർ പട്ടിക തയ്യാറാക്കിയിട്ടുണ്ടായിരുന്നില്ല.
3. ഇന്ത്യയെ പോലെ വലിയ രാജ്യത്ത് തിരഞ്ഞെടുപ്പ് നടത്താൻ എളുപ്പമായിരുന്നില്ല.
4. ജനങ്ങൾ അധികവും നിരക്ഷരരായിരുന്നു.

2. **ഇന്ത്യയിലെ ആദ്യത്തെ മൂന്ന് തെരഞ്ഞെടുപ്പുകളിലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വ്യക്തമായ ആധിപത്യം സ്ഥാപിച്ചു. 1952, 1957, 1962 പൊതു തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സ് പാർട്ടിയുടെ**

**പ്രകടനങ്ങൾ വിലയിരുത്തുക.**

**or ആദ്യ മൂന്ന് തെരെഞ്ഞെടുപ്പുകളിലെ കോൺഗ്രസ് മേധാവിത്വത്തെ കുറിച്ച് കുറിപ്പെഴുതുക.**

Ans: ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പിന്റെ ഫലം ആരേയും അത്ഭുതപ്പെടുത്തിയില്ല. കോൺഗ്രസ് ജയിക്കുമെന്ന് എല്ലാവർക്കും ഉറപ്പുണ്ടായിരുന്നു. ഒന്നാം ലോകസഭയിൽ ആകെയുണ്ടായിരുന്ന 489 സീറ്റിൽ 364 സീറ്റും കോൺഗ്രസ് പാർട്ടിക്ക് ലഭിച്ചു. എതിർ പാർട്ടിക്ക് അവരുടെ അടുത്തെത്താൻ പോലും കഴിഞ്ഞില്ല. സിറ്റുകളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനം ലഭിച്ച CPI ക്ക് വെറും 16 സീറ്റുകളാണ് ലഭിച്ചത്. 1957 ലെ രണ്ടാമത്തെ പൊതുതെരഞ്ഞെടപ്പിലും കോൺഗ്രസിന് മേധാവിത്വം ലഭിച്ചു. ആകെയുള്ള 494 സീറ്റിൽ കോൺഗ്രസ് 371 സീറ്റുകൾ നേടി. 1962 ലെ തെരഞ്ഞെടുപ്പിലും കോൺഗ്രസ് വ്യക്തമായ ഭൂരിപക്ഷം നേടി . 494 സീറ്റിൽ 361 സീറ്റാണ് അന്ന് പാർട്ടിക്ക് ലഭിച്ചത്. ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഇന്ത്യയിലാകെ ഭരണം കോൺഗ്രസ്സിനായിരുന്നു.

3. **ആദ്യതെരഞ്ഞെടുപ്പുകളിൽ കോൺഗ്രസിന് മേധാവിത്വം ലഭിക്കാനുള്ള കാരണങ്ങൾ വിലയിരുത്തുക.**

1. കോൺഗ്രസ്സിന് ഒരു ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകമുണ്ടായിരുന്നു
2. നെഹ്റുവിനെ പോലെയുള്ള മാസ്മരിക നേതൃത്വമുണ്ടായിരുന്നു.
3. കോൺഗ്രസ് ഇന്ത്യയിലെ ഏറ്റവും വലിയ പാർട്ടിയായിരുന്നു
4. കോൺഗ്രസിന് സാമുഹികവും പ്രത്യായശാസ്ത്രപരവുമായ അടിത്തറയുണ്ടായിരുന്നു.
5. സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പോരാളികളായിരുന്ന പല നേതാക്കന്മാരും കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥികളായി അണിനിരന്നു.
6. കോൺഗ്രസ് സുസംഘടിതമായ ഒരു രാഷ്ട്രീയ പാർട്ടിയായിരുന്നു.

4. **ഇന്ത്യയിലെ കോൺഗ്രസ് മോധാവിത്വവും മറ്റ് രാജ്യങ്ങളിലെ ഏക പാർട്ടി മേധാവിത്വവും തമ്മിൽ താരതമ്യം ചെയ്യുക?**

ലോകത്തിലെ പല രാജ്യങ്ങളിലും ഏകകക്ഷി മേധാവിത്വം നിലനിന്നിരുന്നു. എന്നാൽ ഇന്ത്യയിലെ ഏകകക്ഷി മേധാവിത്വം മറ്റു രാജ്യങ്ങളുടേതിൽനിന്ന് തികച്ചും ഭിന്നമായിരുന്നു. വിവിധ രാജ്യങ്ങളിൽ കാണുന്ന ഏകകക്ഷി മേധാവിത്വം ജനാധിപത്യത്തെ നിരാകരിച്ചിട്ടാണ് നിലവിൽ വന്നത്. ചൈന, ക്യൂബ, സിറിയ തുടങ്ങിയി രാജ്യങ്ങളിൽ ഭരണഘടന തന്നെ ഏകകക്ഷി ഭരണത്തിന് വ്യവസ്ഥചെയ്യുന്നു. എന്നാൽ ഇന്ത്യയിൽ നിലനിന്നിരുന്ന ഏക കക്ഷി മേധാവിത്വം ജനാധിപത്യത്തെ പൂർണ്ണമായും നിലനിർത്തിയിട്ടുള്ളതായിരുന്നു. അത് പോലെ മറ്റ് ഏക കക്ഷി മേധാവിത്വത്തിൽ ഒരു പാർട്ടി മാത്രമാണ് നില നിന്നിരുന്നത് എന്നാൽ ഇന്ത്യയിൽ എല്ലാ പാർട്ടികൾക്കും മത്സരിക്കാമായിരുന്നു.

**ചെറുവിവരണം തയ്യാറാക്കുക.**

1. **ഭാരതീയ ജനസംഘം (BJS )**

ശ്യാമപ്രസാദ് മുഖർജിയുടെ അധ്യക്ഷതയിൽ 1951 ഒക്ടോബറിലാണ്ജനസംഘം രൂപീകരിച്ചത്. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പുണ്ടായിരുന്ന ഹിന്ദു മഹാസഭയുടെയും ആർ.എസ്.എസ് ന്റെയും പിന്തുടർച്ചയാണ് BJS. മറ്റു പാർട്ടികളിൽനിന്ന് പ്രത്യയശാസ്ത്രപരമായും പരിപാടികൾകൊണ്ടും തീർത്തും വ്യത്യസ്തമായിരുന്ന BJS 'ഒരു രാജ്യം, ഒരു സംസ്കാരം, ഒരു രാഷ്ട്രം' എന്നതായിരുന്നു അതിന്റെ മുഖമുദ്ര. ഇന്ത്യയേയും പാക്കിസ്ഥാനേയും ചേർത്ത് അഖണ്ഡഭാരതം സൃഷ്ടിക്കുക എന്നതായിരുന്നു പാർട്ടിയുടെ മുഖ്യലക്ഷ്യം. ഇന്ത്യയുടെ ഔദ്യോഗിക ഭാഷാസ്ഥാനത്തുനിന്ന് ഇംഗ്ലീഷിനെ മാറ്റി ഹിന്ദിയെ പ്രതിഷ്ഠിക്കാനുള്ള മുന്നണി യിൽ ജനസംഘമുണ്ടായിരുന്നു.മത-സാംസ ്കാരിക ന്യൂനപക്ഷങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനെ അവർ എതിർത്തു.

1952 ലേയും 1957 ലേയും പൊതുതെരഞ്ഞെടുപ്പുകളിൽ ജനസംഘത്തിന് കാര്യമായ നേട്ടമൊന്നുംഉണ്ടാക്കാനായില്ല. 1952 ൽ അവർ 3 സീറ്റിലും, 1957 ൽ 4 സീറ്റിലുമാണ് വിജയിച്ചത്. ശ്യാമപ്രസാദ് മുഖർജി, ദീനദയാൽ ഉപാധ്യായ, ബാൽരാജ് മാധോക് എന്നിവരാണ് പാർട്ടിക്ക് നേതൃത്വം നൽകിയിരുന്നത്. 1980 ൽ ജനസംഘം ഭാരതീയ ജനതാ പാർട്ടി (ബി.ജെ.പി.) യായി

## 2. സ്വതന്ത്രപാർട്ടി

കോൺഗ്രസിന്റെ നാഗ്പൂർ പ്രമേയത്തെത്തുടർന്ന് 1959 ആഗസ്റ്റിൽ സ്വതന്ത പാർട്ടി രൂപംകൊണ്ടു. ഭൂപരിധി നിയമം നടപ്പാക്കാനും, ഭക്ഷ്യധാന്യവിതരണത്തിന്റെ ചുമതല സർക്കാർ ഏറ്റെടുക്കാനും, കൃഷി സഹകരണാടിസ്ഥാനത്തിലാക്കാനും തീരുമാനിക്കുന്ന ഒന്നായിരുന്നു നാഗ്പൂർ പ്രമേയം. ഇതിനോട് യോജിക്കാനാകാത്തവരായിരുന്നു സ്വതന്ത്രപാർട്ടി രൂപീകരിച്ചത്.

സി. രാജഗോപാലാചാരി, കെ.എം. മുൻഷി, എൻ.ജി, രങ്ക, മീനു മസാനി തുടങ്ങിയ മുൻ കോൺഗ്രസ കാരുടെ നേതൃത്വത്തിലാണ് ഈ പാർട്ടി രൂപീകൃതമായത്.

സാമ്പത്തിക കാര്യങ്ങളിൽ ഗവൺമെന്റിനുള്ള നിയന്ത്രണം കുറച്ചുകൊണ്ടുവരണമെന്ന് സ്വതന്തപാർട്ടആവശ്യപ്പെട്ടു. വ്യക്തിസ്വാതന്ത്യത്തിൽ കൂടി മാത്രമേ പുരോഗതി കൈവരിക്കാനാവൂ എന്ന് പാർട്ടി വിശ്വസിച്ചു.

കാർഷിക രംഗത്ത് ഭുപരിധി നിർണ്ണയിക്കുന്നതിനേയും സഹകരണകൃഷി നടപ്പാക്കുന്നതിനേയും വ്യാപാര രംഗത്ത് ഗവൻ മെൻറ് പ്രവേശിക്കുന്നതിനേയും പാർട്ടി എതിർത്തു.

## 3. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (CPI)

1920 കളുടെ തുടക്കത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പുകൾ വളർന്നു വന്നിരുന്നു. റഷ്യയിലെ ബോൾഷെവിക് വിപ്ലവത്തിൽനിന്ന് പ്രചോദന മുൾക്കൊണ്ടാണ് അവർ പ്രവർത്തിച്ചിരുന്നത്. ഇന്ത്യയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാര മായി ആ ശാസ്ത്രീയ സോഷ്യലിസത്തെയാണ് ഉയർത്തിപ്പിടിച്ചത്.

1925 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ രൂപീകരിച്ചു.1952ലെ ഒന്നാമത്തെ പൊതുതെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി 16 സീറ്റ് നേടി. പാർലമെന്റിലെഏറ്റവും വലിയ പ്രതിപക്ഷകക്ഷി കമ്മ്യൂണിസ്റ്റുകാരായി. ആന്ധ്ര, പശ്ചിമബംഗാൾ, ബീഹാർ, കേരളം എന്നീ സംസ്ഥാനങ്ങളിലായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കൂടുതൽ ജനപിന്തുണ ലഭിച്ചത്. എ.കെ. ഗോപാലൻ, എസ്.എ. ഡാങ്കേ, ഇ.എം.എസ്. നമ്പൂതിരിപ്പാട്, പി.സി. ജോഷി, അജയഘോഷ്,പി. സുന്ദരയ്യ എന്നിവരായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രമുഖ നേതാക്കാർ.

സോവിയറ്റ് യൂണിയനും ചൈനയും തമ്മിൽ പ്രത്യയശാസ്ത്രപരമായുണ്ടായ ഭിന്നിപ്പിനെ തുടർന്ന് 1964 ൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അതിപ്രധാനമായൊരു പിളർപ്പുണ്ടായി. സോവിയറ്റു യുണിയനോട് ആഭിമുഖ്യം പുലർത്തിയിരുന്നവർ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയായി തുടർന്നു. ഇതര ഗ്രൂപ്പ് സി.പി.ഐ. (എം) എന്ന പേര് സ്വീകരിച്ചു. രണ്ടു പാർട്ടികളും ഇന്നും നിലവിലുണ്ട്.

## 4. സോഷ്യലിസ്റ്റ് പാർട്ടി

കൂടുതൽ പുരോഗമനാത്മകവും സമത്വാധി ഷ്ഠിതവുമായ കോൺഗ്രസ് പാർട്ടി ഉണ്ടാ കണമെന്ന് ആഗ്രഹിച്ചിരുന്ന ചെറുപ്പക്കാരായ ഒരു പറ്റം നേതാക്കാർ 1934 ൽ കോൺഗ്ര സിനകത്തുതന്നെ ഒരു കോൺഗ്രസ് സോഷ ലിസ്റ്റു പാർട്ടിക്ക് രൂപംനൽകിയിരുന്നു.

1948 ൽ കോൺഗ്രസിന്റെ ഭരണ ഘട ഭേദഗതി ചെയ്യുകയും ഇരട്ട് അംഗത്വ തടയുകയും ചെയ്തു. അതായത് കോൺഗ്രസുകാർ മറ്റു രാഷ്ട്രീയ കക്ഷികളി അംഗമായിക്കൂടെന്ന് വ്യവസ്ഥ

ചെയ്തു.തൻമൂലം 1948 ൽ സോഷ്യലിസ്റ്റ് പാർട്ടി രൂപീകൃതമയി . സോഷ്യലിസ്റ്റ് പാർട്ടി അനേകം തവണ പിളരുകയും പലതവണ കൂടിച്ചേരുകയും ചെയ്തു. പ്രജാ പാർട്ടി, പ്രജാസോഷ്യലിസ്റ്റ് പാർട്ടി, സംയുക്ത സോഷ്യലിസ്റ്റ പാർട്ടി എന്നിവയൊക്കെഇങ്ങനെ രൂപംകൊണ്ടവയാണ്.

ജയപ്രകാശ് നാരായൺ, അശോക് മേത്ത, ആചാര്യനരേന്ദ്രദേവ്, ഡോ. രാംമനോഹർ ലോഹ്യ, എസ്. എം. ജോഷി എന്നിവരായിരുന്നു സോഷ്യലിസ്റ്റ് പ്രസ്ഥാനത്തെ നയിച്ച പ്രമുഖർ. ഇന്നു നിലവിലുള്ള സമാജ്‌വാദി പാർട്ടി, രാഷ്ട്രീയ ജനതാദൾ, ജനതാദൾ ( യുണൈറ്റഡ്), ജനതാദൾ (സെക്കുലർ) എന്നിവയൊക്കെ സോഷ്യലിസ്റ്റ് പൈതൃകം അവകാശപ്പെടുന്ന പാർട്ടികളാണ്.

# Chapter 4

## ഇന്ത്യയുടെ വിദേശ ബന്ധങ്ങൾ ( India's External Relations)

1. ചേരിചേരാ പ്രസ്ഥാനത്തിന്റെ (NAM) ഒന്നാമത്തെ ഉച്ചകോടി നടന്ന വർഷം, സ്ഥലം
**ഉ: 1961, ബെൽഗ്രെയ്ഡ്**
2. 1955 ൽ ആഫ്രോ ഏഷ്യൻ സമ്മേളനം നടന്നത് എവിടെ വെച്ചാണ്.
**ഉ: ബന്ദുങ്ങ്**
3. പഞ്ചശീല തത്വങ്ങളിൽ ഒപ്പ് വെച്ച നേതാക്കൾ ആരെല്ലാം ? ഏത് വർഷം
**ഉ: ഇന്ത്യൻ പ്രധാനമന്ത്രി നെഹുറുവും ചൈനീസ് പ്രീമിയർ ചൗ എൻ ലായും. ഒപ്പ് വെച്ച വർഷം 1954**
4. ടിബറ്റിന്റെ ആത്മീയ ഗുരു
**ഉ: ദലൈലാമ**
5. 1962 ൽ ചൈന വാദമുന്നയിച്ച ഇന്ത്യയിലെ രണ്ട് പ്രദേശങ്ങൾ
**ഉ: ജമ്മു കശ്മീരിലെ ലഡാക്ക്, അരുണാചൽ പ്രദേശിലെ നേഫ**
6. 1962 ലെ ഇന്ത്യാ ചൈനാ യുദ്ധത്തെ തുടർന്ന് രാജിവെച്ച ഇന്ത്യൻ പ്രതിരോധ മന്ത്രി
**ഉ: വി. ക്രിഷ്ണമേനോൻ**
7. ഇന്ത്യാ പാക്കിസ്ഥാൻ സിന്ദുനദി ജല കരാറിൽ ഒപ്പ് വെച്ച നേതാക്കൾ ആരെല്ലാം ? വർഷം ഏത്
**ഉ: ഇന്ത്യൻ പ്രധാനമന്ത്രി നെഹുറു പാക്കിസ്ഥാൻ ജനറൽ അയ്യൂബ് ഖാൻ, വർഷം: 1960**
8. 1966 ലെ താഷ്കന്റ് കരാറിൽ ഒപ്പ് വെച്ച നേതാക്കൾ ആരെല്ലാം
**ഉ: ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി യും പാക്കിസ്ഥാൻ ജനറൽ അയ്യൂബ് ഖാനും**
9. അവാമി ലീഗ് എവിടെത്തെ രാഷ്ട്രീയ പാർട്ടിയാണ്
**ഉ: ബംഗ്ലാദേശ്**
10. ബംഗ്ലാദേശിന്റെ രാഷ്ട്രപിതാവ്
**ഉ. ഷെയ്ക്ക് മുജീബ് റഹ് മാൻ**
11. ഇന്ത്യ സോവിയറ്റ് യൂനിയനുമായി 20 വർഷത്തെ സൗഹൃദ കരാറിൽ ഒപ്പ് വെച്ച വർഷം
**ഉ. 1971**
12. 1972 ലെ സിംലാ കരാറിൽ ഒപ്പ് വെച്ച നേതാക്കൾ ആരെല്ലാം
**ഉ: ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ദി, പാക്കിസ്ഥാൻ പ്രധാനമന്ത്രി സുൽഫീക്കറലി ബൂട്ടോ**
13. കാർഗിൽ ഏറ്റുമുട്ടൽ നടന്ന വർഷം. **ഉ: 1999**
14. ഇന്ത്യയിലെ ആണവ പദ്ധതി ആരുടെ നേതൃത്വത്തിലായിരുന്നു നടന്നത്. **ഉ: ഹോമി ജെ ബാബാ**
15. പൂർണ്ണ രൂപം എഴുതുക
NPT , CTBT , NAM , NEFA ,INA, NATO
16. ഇന്ത്യൻ ഭരണഘടനയിലെ ഏത് ആർട്ടിക്കിളാണ് അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും പരിപോഷിപ്പിക്കുന്നത്
**ഉ. ആർട്ടിക്കിൾ 51**

### Short Questions

17. **നെഹ്റുവിന്റെ വിദേശ നയത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു.**

ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവാണ് ചേരിചേരാ പ്രസ്ഥാനത്തിന്റെ ശില്പികളിലൊരാൾ . നെഹ്റുവായിരുന്നു ഇന്ത്യൻ വിദേശ നയത്തിന്റെ ശിൽപി. അദ്ദേഹ ത്തിന്റെ വിദേശ നയത്തിന് മൂന്ന് ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു.

1. പൊരുതി നേടിയ സ്വാതന്ത്ര്യവും പരമാധികാരവും കാത്ത് സൂക്ഷിക്കുക.

2 രാജ്യത്തിന്റെ ഭൂപരമായ ഐക്യം സംരക്ഷിക്കുക

3. വേഗത്തിലുള്ള സാമ്പത്തിക വികസനം കൈവരിക്കുക.

**18. 1962 ലെ ഇന്ത്യാ ചൈനാ യുദ്ധത്തിന്റെ അനന്തരഫലങ്ങൾ എന്തെല്ലാം**

1. നെഹ്റുവിന്റെ പ്രതിച്ഛായക്ക് മങ്ങലേറ്റു, അദ്ദേഹം നിശിതമായി വിമർശിക്കപ്പെട്ടു.

2. പ്രതിരോധ മന്ത്രിയായിരുന്ന വി.കെ.കൃഷ്ണമേനോൻ കേന്ദ്ര മന്ത്രിസ്ഥാനം രാജിവെച്ചു.

3 ഇന്ത്യക്ക് അമേരിക്കയുടെയും ബ്രിട്ടന്റെയും സഹായം അഭ്യർത്ഥിക്കേണ്ടി വന്നു.

4. നെഹ്റുവിന്റെ ഗവൺമെന്റിനെതിരെ ആദ്യമായി ഒരു അവിശ്വാസ പ്രമേയം അവതരിപ്പിക്കപ്പെട്ടു.

5. കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിളർന്നു.

6. ഇന്ത്യയിൽ ദേശീയത ശക്തിപ്പെട്ടു

7. ചില ഉപതിരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് പരാജയം നേരിട്ടു.

8. വടക്കുകിഴക്കൻ മേഖലകളുടെ പുന:സംഘടനാ പ്രക്രിയ ആരംഭിച്ചു.

**19. ഇന്ത്യയുടെ ആണവ നയത്തെ (India's Nuclear Policy) കുറിച്ച് ചെറുകുറിപ്പ് തയ്യാറാക്കുക**

Ans: ഇന്ത്യയെ ലോക നിലവാരത്തിലേക്ക് ഉയർത്താൻ ശാസ്ത്ര സാങ്കേതിക മേഖലകളിൽ പുരോഗതി നേടിയെ തീരു എന്ന് നെഹ്റു വിശ്വസിച്ചിരുന്നു. ഹോമി ജേ ബാബയുടെ നേതൃത്വത്തിലായിരുന്നു ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. സമാധാന പരമായ ആവശ്യങ്ങൾക്ക് അണുശക്തി എന്നതായിരുന്നു ഇന്ത്യ യുടെ മുദ്രാവാക്യം. ആണവായുധങ്ങളോട് അദ്ദേഹത്തിന് എതിർപ്പായിരുന്നു. ആണവ നിരായുധീകരണം നടപ്പാക്കാൻ അദ്ദേഹം വൻ ശക്തികളോട് അഭ്യർത്ഥിച്ചു. 1964 ൽ ചൈന ആണവ പരീക്ഷണം നടത്തിയതിന് ശേഷം ലോകത്ത് അഞ്ച് ആണവ ശക്തികൾ ഉയർന്ന് വന്നു. (അമേരിക്ക, സോവിയറ്റ് യൂണിയൻ, ഫ്രാൻസ്, ബ്രിട്ടൺ, ചൈന). 1974 ൽ ഇന്ത്യ ആദ്യ അണു പരീക്ഷണം നടത്തി. ബുദ്ധൻ ചിരിക്കുന്നു എന്നായിരുന്നു ഈ പരീക്ഷണത്തിന് നൽകിയ രഹസ്യനാമം. 1998 ൽ വീണ്ടും ഇന്ത്യപരീക്ഷണങ്ങൾ നടത്തി ഇന്ത്യ ഒരു ആണവ രാജ്യമായി.

**20 എന്ത് കൊണ്ടാണ് ഇന്ത്യ NPT and CTBT എന്നിവയിൽ ഒപ്പ് വെക്കാതിരുന്നത്.**

Ans: ആണവ കരാറുകളായ NPT യിലും CTBT യിലും ഇന്ത്യ ഒപ്പ് വെച്ചില്ല. കാരണം

1. പല രാജ്യങ്ങ ളും ഇതിൽ ഒപ്പ് വെച്ചിട്ടുണ്ടായിരുന്നില്ല.

2. ഈ കരാറിൽ വിവേചനം ഉണ്ടായിരുന്നു. 3. ഈ കരാർ ലോക രാജ്യങ്ങളെ ആണവ രാജ്യങ്ങളെന്നും ആണവേതര രാജ്യങ്ങളെന്നും വിഭജിക്കും.

4. ഇന്ത്യ ആണവ ഊർജ്ജം സമാധാനത്തിന് വേണ്ടി മാത്രമേ ഉപയോഗിക്കു.

## ESSAY

**21. ഇന്ത്യ-ചൈന യുദ്ധത്തിലേക്ക് നയിച്ച കാരണങ്ങൾ വിലയിരുത്തുക.**

ഇന്ത്യയും ചൈനയും തുടക്കം മുതലെ സൗഹാർദബന്ധം പുലർത്തിയ രാജ്യങ്ങളായിരുന്നു. 1949 ലെ ചൈനീസ് വിപ്ലവത്തിന് ശേഷം അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ ആദ്യം അംഗീകരിച്ച രാജ്യങ്ങളിൽ ഒന്നായിരുന്നു ഇന്ത്യ. മാത്രമല്ല കമ്മ്യൂണിസ്റ്റ് ചൈനക്ക് ഐക്യരാഷ്ട്രസഭയിൽ അംഗത്വം ലഭിക്കുന്നതിന് നെഹ്റു മുൻകൈ എടുക്കുകയും ചെയ്തു. ഇന്ത്യക്കും ചൈനക്കും ഇടയിലുള്ള മക്മോഹൻ ലൈൻ ബ്രിട്ടീഷ് കാലത്ത് തന്നെ തീരുമാനിച്ചതിനാൽ ചൈനീസ് അതിർത്തിയെ സംരക്ഷിച്ചിരുന്നത് അർദ്ധ സൈനിക വിഭാഗങ്ങളായിരുന്നു. മറിച്ച് സൈന്യമായിരുന്നില്ല. 1954 ൽ നെഹ്റുവും ചൗഎൻലായും പഞ്ചശില തത്വങ്ങൾ ഒപ്പ് വെച്ചതോടെ ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹാർദ്ധം കൂടുതൽ ദൃഡമായി. എന്നാൽ പഞ്ചശീല തത്വങ്ങൾ ലംഘിച്ച് കൊണ്ട് 1962 ൽ ചൈന ഇന്ത്യയെ ആക്രമിച്ചു.

1962 ലെ ഇന്ത്യയും ചൈനയും തമ്മിലുള്ള തർക്കത്തിന് പ്രധാനമായും രണ്ട് കാരണങ്ങളാണ് ഉള്ളത്.

1. ദലൈലാമ പ്രശ്നം

2. അതിർത്തി തർക്കം

### ദലൈലാമ പ്രശ്നം

1950 ൽ ചൈന ടിബറ്റ് പിടിച്ചെടുത്തു. ഇന്ത്യ ഈ ആക്രമണത്തിൽ ആദ്യമൊന്നും പരസ്യമായി എതിർത്തില്ല. എന്നാൽ ടിബറ്റൻ സംസ്കാരത്തെ ചൈന അടിച്ചമർത്തുകയാണന്ന വിവരം പുറത്ത് വന്നതോടെ ഇന്ത്യയുടെ നിലപാടിൽ മാറ്റമുണ്ടായി. 1959 ൽ ടിബറ്റൻ ആത്മീയ നേതാവായ ദലൈലാമക്ക് ഇന്ത്യ അഭയം നൽകി. ഇത് ചൈനയെ ചൊടിപ്പിച്ചു. ചൈന വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഇന്ത്യ ഗവൺമെന്റ് അനുവദിക്കുകയാണെന്ന് ചൈന ആരോപിച്ചു.

### അതിർത്തി തർക്കം.

ഇന്ത്യ-ചൈന യുദ്ധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം അതിർത്തി തർക്കമാണ്. അതിർത്തി തർക്കം കൊളോണിയൽ സമയത്ത്തന്നെ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് ഇന്ത്യ അവകാശപ്പെട്ടു. എന്നാൽ ചൈന മക്മോഹൻ ലൈൻ അംഗീകരിക്കാൻ വിസമ്മതിച്ചു.

ഇന്ത്യയിലെ രണ്ട് പ്രദേശങ്ങളുടെ മേലിൽ ചൈന അവകാശവാദമുന്നയിച്ചു.

1. ജമ്മുകാശ്മീരിലെ ലഡാക് മേഖലയിലുള്ള അക്സായ്ചിൻ പ്രദേശം

2. അരുണാചൽ പ്രദേശിലെ നേഫ എന്നറിയപ്പെടുന്ന പ്രദേശം

1962 ൽ ചൈനീസ് പട്ടാളം ഇന്ത്യയുടെ അതിർത്തി കടന്ന് രണ്ട് തർക്ക പ്രദേശങ്ങളിലും മിന്നലാക്രമണങ്ങൾ നടത്തി. ഒരാഴ്ച നീണ്ടു നിന്ന ആദ്യത്തെ ആക്രമണത്തിൽ അരുണാചൽ പ്രദേശിലെ ചില പ്രധാന പ്രദേശങ്ങൾ ചൈന പിടിച്ചെടുത്തു. ലഡാക് പ്രദേശത്തെ ചില ഭാഗങ്ങളും ചൈനയുടെ കൈവശമായി.

### ഇന്ത്യ-ചൈന യുദ്ധത്തിന്റെ അനന്തരഫലങ്ങൾ

1. നെഹ്റുവിന്റെ പ്രതിച്ഛായക്ക് മങ്ങലേറ്റു, അദ്ദേഹം നിശിതമായി വിമർശിക്കപ്പെട്ടു.
2. പ്രതിരോധ മന്ത്രിയായിരുന്ന വി.കെ.കൃഷ്ണമേനോൻ കേന്ദ്ര മന്ത്രിസ്ഥാനം രാജിവെച്ചു.
3. ഇന്ത്യക്ക് അമേരിക്കയുടെയും ബ്രിട്ടന്റെയും സഹായം അഭ്യർത്ഥിക്കേണ്ടി വന്നു.
4. നെഹ്റുവിന്റെ ഗവൺമെന്റിനെതിരെ ആദ്യമായി ഒരു അവിശ്വാസ പ്രമേയം അവതരിപ്പിക്കപ്പെട്ടു.
5. കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിളർന്നു.

### ഇന്ത്യ-ചൈന ബന്ധം 1962 ന് ശേഷം

1962 ലെ യുദ്ധം ഇന്ത്യ-ചൈന ബന്ധത്തെ ബാധിച്ചു. യുദ്ധത്തിന് ശേഷം രണ്ട് പതിറ്റാണ്ട് കാലം ഇരു രാജ്യങ്ങളും തമ്മിൽ പരസ്പര ശത്രുത നിഴലിച്ചു നിന്നു. നയതന്ത്ര ബന്ധങ്ങൾ പൂർണ്ണമായും പുനസ്ഥാപിക്കപ്പെട്ടത് 1976ലാണ്. 1979 ൽ വിദേശ കാര്യമന്ത്രിയായിരുന്ന വാജ്പേയി ചൈന സന്ദർശിച്ചു.

### 22. പാകിസ്താനുമായുള്ള യുദ്ധങ്ങളും സമാധനവും എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. (Wars and peace with pakistan)

ഇന്ത്യാ  പാക് ബന്ധം വിഭജനകാലം തൊട്ടേ ശത്രുപരമായിരുന്നു. വിഭജനത്തെ തുടർന്നുണ്ടായ വർഗീയ കലാപങ്ങളും അക്രമങ്ങളും ഇരു രാജ്യങ്ങളിലെയും ജനങ്ങളിലുണ്ടാക്കിയ വെറുപ്പും പകയും ഏറെ കാലം നീണ്ടു നിന്നു. ഇന്ത്യാ പാക്കിസ്ഥാൻ പ്രശ്നങ്ങൾ വിഭജനത്തിന് ശേഷം തന്നെ തുടങ്ങി. ഇരു രാജ്യങ്ങൾക്കിടയിലുള്ള പ്രധാന പ്രശ്നങ്ങളിലേക്ക് നയിച്ചത് താഴെ പറയുന്നവയാണ്.

**കാശ്മീർ സംബന്ധിച്ച പ്രശ്നം**

**നദീജല തർക്കം**

**1965-ലെ യുദ്ധം**

**1971 ലെ ബംഗ്ലാദേശ് യുദ്ധം**

### 1999ലെ കാർഗിൽ ഏറ്റുമുട്ടൽ

**കാശ്മീർ സംബന്ധിച്ച പ്രശ്നം.**

1947 മുതലെ ഇന്ത്യാ പാക് സൈന്യങ്ങൾ തമ്മിൽ പരോക്ഷ യുദ്ധം ആരംഭിച്ചിരുന്നു. കാശ്മീരിനെ ചൊല്ലി ഇരു രാജ്യങ്ങളും 1947 ൽ യുദ്ധത്തിൽ ഏർപ്പെട്ടു. എന്നാൽ ഇത് തികഞ്ഞ ഒരു യുദ്ധമായി പരിണമിച്ചില്ല. പ്രശ്നം അന്ന് യു.എൻ.എ യുടെ പരിഗണനക്കായി സമർപ്പിച്ചു. കാശ്മീരിലെ ചില പ്രദേശങ്ങൾക്ക് വേണ്ടി പാക്കിസ്ഥാൻ ഉന്നയിക്കുന്ന വാദങ്ങളാണ് കാശ്മീർ പ്രശ്നത്തിലേക്ക് നയിക്കുന്നത്.

**നദീജല തർക്കം**

സിന്ധു നദിയിലെ ജലം പങ്കിടുന്നതു സംബന്ധിച്ച് ഇരു രാജ്യങ്ങളും തമ്മിൽ നിലനിന്നിരുന്ന ദീർഘ കാല തർക്കം ലോക ബാങ്കിന്റെ മദ്ധ്യസ്ഥതയിൽ ഒത്തു തീർന്നു. 1960ൽ ഇന്ത്യാ പാകിസ്ഥാൻ സിന്ധു നദീജല കരാറിൽ (India-Pakistan indus waterst retay) നെഹ്റുവും ജനറൽ അയൂബ് ഖാനും ഒപ്പു വെച്ചു.

**1965–ലെ യുദ്ധം**

1965ൽ ഇരു രാജ്യങ്ങളും തമ്മിൽ സായുധ പോരാമുണ്ടായി. അക്കൊല്ലം പാകിസ്ഥാൻ രണ്ടു തവണ ഇന്ത്യയെ ആക്രമിച്ചു. ഗുജറാത്തിലെ റാൻ ഓഫ് ക്ലച്ച് (Rann of kutch) പ്രദേശത്തായിരുന്നു ആദ്യത്തെ ആക്രമണം (ഏപ്രിൽ ). ഇതിനെ തുടർന്ന് ഓഗസ്റ്റ് സെപ്റ്റംബറിൽ ജമ്മു കാശ്മീരിൽ വലിയൊരു ആക്രമണം പാകിസ്ഥാൻ അഴിച്ചു വിട്ടു.

ഇന്ത്യാ പാക് യുദ്ധം യു.എൻ ഇടപെട്ടു കൊണ്ട് അവസാനിപ്പിച്ചു. യുദ്ധത്തിന് ശേഷമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഇരു രാജ്യങ്ങളും ഉടമ്പടിയിൽ ഒപ്പ് വെച്ചു. ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയും പാകിസ്ഥാനിലെ പട്ടാളഭരണാധികാരി ജനറൽ അയുബ്ഖാനും 1966 ജനുവരി 10ന് **തഷ്കന്റ് കരാറിൽ** ഒപ്പുവെച്ചു.

1965ലെ യുദ്ധത്തിൽ പാകിസ്ഥാന് കനത്ത സൈനിക നാശം വരുത്താൻ ഇന്ത്യക്ക് കഴിഞ്ഞു. എങ്കിലും യുദ്ധം ഇതിനകം താറുമാറായി കഴിഞ്ഞിരുന്ന ഇന്ത്യയുടെ സാമ്പത്തികസ്ഥിതിയെ വീണ്ടും മോശമാക്കി.

**1971 ലെ ബംഗ്ലാദേശ് യുദ്ധം**

1971ൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ മറ്റൊരു യുദ്ധം പൊട്ടിപുറപ്പെട്ടു. കിഴക്കൻ പാകിസ്ഥാനിലെ സംഭവങ്ങളാണ് ഇതിനു വഴി ഒരുക്കിയത്.

1970ൽ പാകിസ്ഥാനിൽ നടന്ന ആദ്യത്തെ പൊതുതെരഞ്ഞെടുപ്പുപ്പിൽ കിഴക്കൻ പാകിസ്ഥാനിലെ 169 സീറ്റുകളിൽ 168ഉം മുജിബൂർ റഹ്മാന്റെ നേതൃത്വത്തിലുള്ള അവമി ലീഗ് നേടി. പടിഞ്ഞാറെ പാകിസ്ഥാനിൽ സുൽഫിക്കർ അലി ഭൂട്ടോയുടെ പാകിസ്ഥാൻ പീപ്പിൾസ് പാർട്ടി മുന്നിലെത്തി.

313 അംഗ പാർലമെന്റിൽ കേവല ഭൂരിപക്ഷം നേടിയ അവമി ലീഗിന്റെ നേതാവ് മുജിബൂർ റഹ്മാൻ സർക്കാർ രൂപീകരിക്കാൻ അവകാശവാദമുന്നയിച്ചു.

അങ്ങനെ 1970ന്റെ ആരംഭത്തിൽ പാകിസ്ഥാൻ ഏറ്റവും വലിയ ഒരു ആഭ്യന്തര പ്രതിസന്ധി നേരിട്ടു. കിഴക്കൻ പാകിസ്ഥാനിലെ ജനങ്ങളെ രണ്ടാം കിട പൗരന്മാരായിട്ടാണ് പടിഞ്ഞാറൻ പാകിസ്ഥാനിലെ ജനങ്ങൾ കണ്ടിരുന്നത്. ജനവിധി അട്ടിമറിച്ച പാകിസ്ഥാൻ പ്രസിഡന്റ് യഹ്യാഖാൻ കിഴക്കൻ പാകിസ്ഥാനിലേക്കു പട്ടാളത്തെ അയക്കുകയാണുണ്ടായത്

പാകിസ്ഥാൻ സൈന്യം മുജിബൂർ റഹ്മാനെ അറസ്റ്റു ചെയ്തു. കിഴക്കൻ പാകിസ്ഥാനിൽ അവർ ഭീമകരമായ ഒരു നര വേട്ട തന്നെ ആരംഭിച്ചു. പാകിസ്ഥാൻ ആഭ്യന്തര പ്രശ്നം ഇന്ത്യയെയും ബാധിച്ചു. ബംഗ്ലാദേശിൽ കലാപം രൂക്ഷമായപ്പോൾ ഇന്ത്യയിലേക്ക് അഭയാർത്ഥികൾ കൂട്ടം കൂട്ടമായി പ്രവാഹിച്ചു തുടങ്ങി. ഏകദേശം 80 ലക്ഷം അഭയാർത്ഥികൾ അയൽപക്കത്തുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ അഭയം തേടി.

കിഴക്കൻ പാകിസ്ഥാനിലെ രാഷ്ട്രീയ പ്രശ്നം പരിഹരിച്ച് അഭയാർത്ഥികളെ തിരിച്ചു കൊണ്ട് പോകാൻ ഇന്ത്യ പാകിസ്ഥാനോട് അഭ്യർത്ഥിച്ചു. പാകിസ്ഥാൻ ഈ അഭ്യർത്ഥന ചെവികൊണ്ടില്ലെന്നു മാത്രമല്ല 1971 ഡിസംബറിൽ ഇന്ത്യയുടെ പടിഞ്ഞാറൻ അതിർത്തികളിൽ ആക്രമണം നടത്തുകയും ചെയ്തു. ഇന്ത്യ തിരിച്ചടിച്ചതോടെ ഇരു രാജ്യങ്ങളും തമ്മിൽ ഒരു സമ്പൂർണ്ണ യുദ്ധം പൊട്ടിപുറപ്പെട്ടു. കരനാവികവ്യോമ യുദ്ധങ്ങളിൽ എല്ലാം ഇന്ത്യ പാകിസ്ഥാനെ നിഷ്പ്രഭമാക്കി. പത്തു ദിവസത്തിനകം അവർ ധാ ക്കയെ മൂന്നു

ഭാഗങ്ങളിൽ നിന്നും വളഞ്ഞു. 90, 000 ത്തോളം പാക്ക് സൈനികർ കീഴടങ്ങാൻ നിർബന്ധിതരായി. ഇതോടെ ബംഗ്ലാദേശ് ഒരു സ്വതന്ത്രരാഷ്ട്രമായിത്തീർന്നു. 1972 ജനുവരിയിൽ ജയിൽ മോചിതനായ മുജിബൂർ റഹ് മാൻ ബംഗ്ലാദേശിന്റെ ആദ്യ പ്രധാനമന്ത്രിയായി.

1971 ലെ യുദ്ധത്തിന് ശേഷം സമാധാനം കൊണ്ടുവരുന്നതിനായി ഇരു രാജ്യങ്ങളും **ഷിംല ഉടമ്പടിയിൽ 1971 ൽ ഒപ്പ് വെച്ചു. ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും പാക്കിസ്ഥാൻ പ്രസിഡണ്ട് സുൽഫീക്കറലി ഭൂട്ടോയുമായിരുന്നു** ഈ ഉടമ്പടിയിൽ ഒപ്പ് വെച്ചത്.

**1999ലെ കാർഗിൽ ഏറ്റുമുട്ടൽ.**

1999 ൽ കാശ്മീരിലെ നിയന്ത്രണ രേഖക്ക് ഇപ്പുറത്ത് ഇന്ത്യൻ പ്രദേശത്തുള്ള മാഷ്കോ, ദ്രാസ, കക്സാർ, ബടാലിക് തുടങ്ങിയ പ്രദേശങ്ങൾ പാക് ഭടൻമാർ കയ്യടക്കി. ഇന്ത്യൻ സൈന്യം തിരിച്ചടിച്ചു. ഇരു രാജ്യ ങ്ങളും തമ്മിലുള്ള ഒരു സംഘട്ടനത്തിലാണ് ഇത് കലാശിച്ചത്. ഇത് കാർഗിൽ ഏറ്റുമുട്ടൽ എന്നപേരിൽ അറി യപ്പെട്ടു.

Chapter-6
# ജനാധിപത്യ ക്രമത്തിന്റെ പ്രതിസന്ധി

1. ഗരീബി ഹഠാവോ എന്ന മുദ്രാവാക്യം ഉയർത്തിയത്.

ഇന്ദിരാഗാന്ധി.

2. സമ്പൂർണ്ണ വിപ്ലവത്തിന് ആഹ്വാനം നൽകിയത്.

ജയപ്രകാശ് നാരായൺ

3. വകുപ്പ് 352.

ദേശീയ അടിയന്തിരാവസ്ഥ.

4. 1974ലെ റെയിൽവേ സമരത്തിന്റെ നേതാവ്.

ജോർജ്ജ് ഫെർണാണ്ടസ്.

5. നക്സൽബാരി കലാപത്തിന്റെ നേതാവ്.

ചാരു മജുംദാർ.

6. അടിയന്തിരാവസ്ഥ കാലത്തെ അതിക്രമങ്ങളെ കുറിച്ച് അന്വേഷണം നടത്തിയ കമ്മീഷൻ.

ഷാ കമ്മീഷൻ.

7. അടിയന്തിരാവസ്ഥയെ എതിർത്തുകൊണ്ട് പദ്മശ്രീ പുരസ്കാരം തിരിച്ചു നൽകിയ കന്നഡ എഴുത്തുകാരൻ.

ശിവറാം കാറന്ത്.

8. ഇന്ത്യയിലെ ആദ്യത്തെ കോൺഗ്രസ് ഇതര ഗവൺമെന്റ്.

ജനത പാർട്ടി ഗവൺമെന്റ്.

9. ഇന്ത്യയിലെ ആദ്യത്തെ കോൺഗ്രസ് ഇതര പ്രധാനമന്ത്രി.

മൊറാർജി ദേശായി.

10. ലോക്ദളിന്റെ സ്ഥാപകൻ.

ചരൺ സിങ്ങ്.

**Q.** 1975ലെ ദേശീയ അടിയന്തരാവസ്ഥയിലേക്ക് നയിച്ച കാരണങ്ങൾ വിശകലനം ചെയ്യുക.

1. സാമ്പത്തിക പശ്ചാത്തലം : ദാരിദ്ര നിർമാർജനം (ഗരീബി ഹഠാവോ) എന്ന മുദ്രാവാക്യം ഉയർത്തിയാണ് ഇന്ദിരാഗാന്ധി 1971ലെ തിരഞ്ഞെടുപ്പിനെ നേരിട്ടത്. എന്നാൽ അധികാരത്തിൽ എത്തിയ ശേഷം ദാരിദ്ര്യവും, സാമ്പത്തിക അസമത്വവും ലഘൂകരിക്കുന്നതിനുള്ള തീവ്ര പരിപാടികളൊന്നും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പാക്കിയില്ല. ഇന്ത്യയുടെ സാമ്പത്തിക നില

കൂടുതൽ മോശമായി. വിലക്കയറ്റം, നാണയപ്പെരുപ്പം, ഭക്ഷ്യക്ഷാമം എന്നിവ ജനജീവിതം ദുസ്സഹമാക്കി തീർത്തു. വ്യവസായ വളർച്ച ഇടിയുകയും തൊഴിലില്ലായ്മ ഉയരുകയും ചെയ്തു.

2. 1974ലെ റെയിൽവേ പണിമുടക്ക് : ബോണസും, സേവന വ്യവസ്ഥകളുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടുന്നതിന് ജോർജ്ജ് ഫെർണാണ്ടസിന്റെ നേതൃത്വത്തിലുള്ള റെയിൽവേ തൊഴിലാളികളുടെ സമരത്തിനുള്ള ദേശീയ ഏകോപന കമ്മിറ്റി പണിമുടക്ക് പ്രഖ്യാപിച്ചു. പണിമുടക്കിനു നേതൃത്വം നൽകിയ നേതാക്കളെ അറസ്റ്റ് ചെയ്തുകൊണ്ട് ഗവൺമെന്റ് പണിമുടക്ക് അടിച്ചമർത്താൻ ആരംഭിച്ചു.

3. അഴിമതി : ഭരണരംഗത്തും, പൊതു ജീവിതത്തിലും വ്യാപകമായ അഴിമതി ഇന്ദിരാ ഗവൺമെന്റിനെതിരെ വൻ ജനരോഷം ഇളക്കി വിട്ടു.

4. രാഷ്ട്രീയ ബഹുജന പ്രക്ഷോഭങ്ങൾ : പാർലമെന്ററി രാഷ്ട്രീയത്തിൽ വിശ്വാസമില്ലാതിരുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ് (മാവോയിസ്റ്റുകൾ) സായുധ വിപ്ലവങ്ങൾ സംഘടിപ്പിച്ചു.

5. ഗുജറാത്തിലേയും, ബീഹാറിലേയും പ്രസ്ഥാനങ്ങൾ : ഗുജറാത്തിലും, ബീഹാറിലും ഭരണം നടത്തിയിരുന്നത് കോൺഗ്രസ് പാർട്ടിയായിരുന്നു. ഗുജറാത്തിലെ വിദ്യാർത്ഥികൾ വിലക്കയറ്റത്തിനും, അഴിമതിക്കുമെതിരെ പ്രക്ഷോഭം ആരംഭിച്ചു. ഗുജറാത്തിലെ പ്രതിപക്ഷ പാർട്ടികളും വിദ്യാർത്ഥികളോടൊപ്പം ചേർന്നതോടെ പ്രക്ഷോഭം അക്രമാസക്തമായി. ഗുജറാത്തിൽ പ്രസിഡന്റ് ഭരണം ഏർപ്പെടുത്താനും നിയമസഭ പിരിച്ചുവിടാനും ഇന്ദിരാഗാന്ധി നിർബന്ധിതയായി. സമാനമായ രീതിയിൽ ബീഹാറിലും വിദ്യാർത്ഥി പ്രക്ഷോഭം ആരംഭിച്ചു. ഇതിന്റെ നേതൃത്വം ജനപ്രകാശ് നാരായൺ ഏറ്റെടുത്തു. സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ ഒരു സമ്പൂർണ്ണ വിപ്ലവത്തിന് (Total Revolution) അദ്ദേഹം ആഹ്വാനും ചെയ്തു.

6. നീതിന്യായ വകുപ്പുമായുള്ള ഏറ്റുമുട്ടൽ : ഈ കാലഘട്ടത്തിൽ ഗവൺമെന്റും, ജുഡീഷ്യറിയും തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തു. മൗലിക അവകാശങ്ങൾ പരിമിതപ്പെടുത്താൻ പാർലമെന്റിന് കഴിയില്ല എന്ന സുപ്രീം കോടതിയുടെ പ്രസ്ഥാവനയായിരുന്നു ആദ്യത്തെ തർക്ക വിഷയം. ഭരണഘടന ഭേദഗതിയിലൂടെ സ്വത്തവകാശം പരിമിതപ്പെടുത്താൻ പാർലമെന്റിന് അധികാരമില്ലെന്ന കോടതിയുടെ പ്രസ്ഥാവനയും തർക്കത്തിനു കാരണമായി.

7. അലഹബാദ് ഹൈക്കോടതി വിധി : 1971ലെ പൊതു തിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധി ഗവൺമെന്റ് സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തിയെന്നും തിരഞ്ഞെടുപ്പ് പ്രചരണത്തിന് സർക്കാർ ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തിയതായും കോടതി കണ്ടെത്തി. ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ് റദ്ദാക്കിക്കൊണ്ട് അലഹബാദ് ഹൈക്കോടതി വിധി പ്രഖ്യാപിച്ചു.

8. പ്രതിപക്ഷ പ്രസ്ഥാനം : 1975 ജൂൺ 25ന് ജെ.പി. യും പ്രതിപക്ഷ കക്ഷികളും ചേർന്ന് ഡൽഹിയിലെ റാംലീല മൈതാനിയിൽ കൂറ്റൻ റാലി സംഘടിപ്പിച്ചു. ഇന്ദിരാഗാന്ധിയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് ഒരാഴ്ച നീളുന്ന ജനകീയ സമരം ആരംഭിക്കുമെന്ന് ജയപ്രകാശ് നാരായൺ പ്രഖ്യാപിച്ചു. രാജ്യമാകമാനം ശക്തമായ കോൺഗ്രസ്സ് വിരുദ്ധ വികാരം ഉടലെടുത്തു. 1975 ജൂൺ 26ന് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചുകൊണ്ട് ഗവൺമെന്റ് ഈ പ്രതിസന്ധിയോട് പ്രതികരിച്ചു. ഭരണഘടനയുടെ 352.ാം വകുപ്പ് പ്രകാരമാണ് രാഷ്ട്രപതി ഫക്രുദ്ദീൻ അലി അഹമ്മദ് രാജ്യത്ത് അടിയന്തരാവസ്ഥ ഏർപ്പെടുത്തിയത്.

**Q.** അടിയന്തരാവസ്ഥയുടെ പ്രത്യാഘാതങ്ങൾ വിശകലനം ചെയ്യുക.

1975 ജൂൺ മുതൽ 1977 മാർച്ച് വരെ നിലനിന്ന 21 മാസത്തെ അടിയന്തിരാവസ്ഥ സ്വതന്ത്ര ഇന്ത്യുടെ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായമാണ്. അടിയന്തരാവസ്ഥയുടെ പ്രത്യാഘാതങ്ങൾ താഴെ പറയുന്നവയാണ്.

1. പത്ര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു:- അടിയന്തരാവസ്ഥ കാലത്ത് അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും, ആവിഷ്ക്കാര സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടു. ഗവൺമെന്റ് പ്രത്യേക അധികാരം ഉപയോഗിച്ചു കൊണ്ട് പത്രങ്ങളുടെ മേൽ കർശനമായ സെൻസർഷിപ്പ് ഏർപ്പെടുത്തി. പത്രങ്ങൾക്ക് വാർത്തകളും, മറ്റും പ്രസിദ്ദീകരിക്കുന്നതിന് മുൻകൂട്ടിയുള്ള അനുവാദം ആവശ്യമായി വന്നു. പത്ര സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടതോടെ രാജ്യത്തിനകത്ത് നടക്കുന്ന കാര്യങ്ങൾ അറിയാൻ ജനങ്ങൾക്ക് കഴിയാതെ വന്നു.

2. അടിയന്തരാവസ്ഥ കാലത്തെ പൗരാവകാശങ്ങൾ നിഷേധിക്കപ്പെട്ടു:- പൗരാവകാശങ്ങളുടെ മേൽ ഗവൺമെന്റ് നിയന്ത്രണവും വിലക്കും ഏർപ്പെടുത്തി. പണിമുടക്കുകൾ നിരോധിച്ചു, തൊഴിലാളികൾക്ക് ബോണസ് നിഷേധിച്ചു, അനേകം പ്രതിപക്ഷ നേതാക്കന്മാർ തടവിലാക്കപ്പെട്ടു. പത്ര പ്രവർത്തകരും, എഴുത്തുകാരും, ട്രേഡ് യൂണിയൻ നേതാക്കന്മാരും തടവിലാക്കപ്പെട്ടു. കരുതൽ തടങ്കൽ എന്ന വ്യവസ്ഥയെ ഗവൺമെന്റ് പരമാവധി ഉപയോഗപ്പെടുത്തി. ഈ വ്യവസ്ഥ പ്രകാരം അനേകം പേരെ അറസ്റ്റ് ചെയ്ത് തടവിലാക്കി.

3. പ്രതിഷേധവും ചെറുത്തുനിൽപ്പും :- അടിയന്തരാവസ്ഥക്കെതിരെയുള്ള എതിർപ്പുകളും, പ്രതിഷേധവും രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഉയരുകയുണ്ടായി. ഇന്ത്യൻ എക്സ്പ്രസ്സ്, സ്റ്റേറ്റ്സ്മാൻ തുടങ്ങിയ പത്രങ്ങൾ സെൻസർ ചെയ്ത വാർത്തകൾ പ്രസിദ്ധീകരിക്കാതെ കോളങ്ങൾ ഒഴിച്ചിട്ടുകൊണ്ട് സെൻസർഷിപ്പിന് എതിരെ പ്രതിഷേധിച്ചു. കന്നഡ എഴുത്തുകാരനായ ശിവറാം കാറന്ത് തനിക്കു ലഭിച്ച

പുരസ്കാരം തിരിച്ചു നൽകി.

4. ഭരണഘടനയിലെ മാറ്റങ്ങൾ :- അടിയന്തരാവസ്ഥ കാലത്ത് ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്ന വിധം ചില ഭരണഘടന ഭേദഗതികൾ വരുത്തി. 1976ൽ 42.ാം ഭരണഘടന ഭേദഗതി അവതരിപ്പിച്ചു. ഇതനുസരിച്ച് പ്രധാനമന്ത്രി, രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരുടെ തിരഞ്ഞെടുപ്പുകളെ കോടതിയിൽ ചോദ്യം ചെയ്യുന്നത് തടഞ്ഞു. നിയനിർമ്മാണ സഭകളുടെ കാലാവധി 5ൽ നിന്ന് 6 വർഷമായി ഉയർത്തി.

**Q.** കുറിപ്പെഴുതുക. ഷാ കമ്മീഷൻ.

അടിയന്തരാവസ്ഥ കാലത്തുണ്ടായ അധികാര ദുർവിനിയോഗം, അതിക്രമങ്ങൾ, അഴിമതി എന്നിവയെ കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിക്കപ്പെട്ട കമ്മീഷനാണ് ഷാ കമ്മീഷൻ. സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് ജെ.സി. ഷാ ആയിരുന്നു ഇതിന്റെ അദ്ധ്യക്ഷൻ. അടിയന്തിരാവസ്ഥക്ക് ശേഷം വന്ന ജനത പാർട്ടി ഗവൺമെന്റാണ് ഷാ കമ്മീഷനെ നിയമിച്ചത്. ഷാ കമ്മീഷന്റെ കണ്ടെത്തലുകളും, നിരീക്ഷണങ്ങളും, ശുപാർശകളും ഗവൺമെന്റ് അംഗീകരിക്കുകയുണ്ടായി.

**Q.** അടിയന്തരാവസ്ഥ പ്രഖ്യാപനത്തെ അനുകൂലിച്ചും, പ്രതികൂലിച്ചും വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഈ പ്രസ്ഥാവനയുടെ അടിസ്ഥാനത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപനത്തിന്റെ ആവശ്യകതയെ വിശകലനം ചെയ്യുക.

അനുകൂല വാദഗതികൾ :- അടിയന്തരാവസ്ഥ പ്രഖ്യാപിച്ച കോൺഗ്രസ്സ് ഗവൺമെന്റും അതിനു പിന്തുണ നൽകിയ സി.പി.ഐ.യും അടിയന്തരാവസ്ഥ ആവശ്യമായിരുന്നു എന്ന വീക്ഷണമാണ് സ്വീകരിച്ചത്. പ്രതിപക്ഷ പാർട്ടികളും, ഛിദ്രശക്തികളും നിയമം കയ്യിലെടുത്തുകൊണ്ട് ജനാധിപത്യത്തെ അപകടപ്പെടുത്തുകയും വികസനത്തെ തടസ്സപ്പെടുത്തുകയും, ആഭ്യന്തര കുഴപ്പങ്ങൾ ഉണ്ടാക്കുകയും ചെയ്തതു കൊണ്ടാണ് അടിയന്തരാവസ്ഥ പ്രഖ്യാപിക്കേണ്ടി വന്നതെന്ന് കോൺഗ്രസ്സ് ഗവൺമെന്റ് വാദിച്ചു. ഒരു ജനാധിപത്യ രാഷ്ട്രീയത്തിൽ ഗവൺമെന്റിനെ ഉന്നം വെച്ചുള്ള പാർലമെന്ററീത രാഷ്ട്രീയം തുടർച്ചയായി ഉണ്ടാകാൻ പാടില്ലെന്ന് ഇന്ധിരാഗാന്ധിയുടെ അനുയായികളും അഭിപ്രായപ്പെട്ടു.

പ്രതികൂല വാദഗതികൾ :- സ്വാതന്ത്ര്യ സമരം മുതൽ ജനകീയ പോരാട്ടങ്ങളുടെ ചരിത്രം ഇന്ത്യൻ രാഷ്ട്രീയത്തിലുണ്ടായിരുന്നു. ഗവൺമെന്റ് നയങ്ങൾക്കെതിരെ പ്രതിഷേധിക്കാനുള്ള അവകാശം ജനാധിപത്യ രാഷ്ട്രത്തിലെ ജനങ്ങൾക്കുണ്ട്. ഗുജറാത്തിലേയും, ബീഹാറിലേയും പ്രക്ഷോഭങ്ങൾ ഏറെക്കുറേ

സമാധാനപരമായിരുന്നു. രാജ്യത്തെ ക്രമസമാധാന നിലയെപ്പറ്റി ആഭ്യന്തര മന്ത്രആലയം യാതൊരു ആശങ്കയും പ്രകടിപ്പിച്ചിരുന്നില്ല. പ്രക്ഷോഭങ്ങൾ അതിരു കടന്നാൽ അവയെ കൈകാര്യം ചെയ്യാൻ ആവശ്യമായ അധികാരവും കരുത്തും ഗവൺമെന്റിന് ഉണ്ടായിരുന്നു. ചുരുക്കത്തിൽ രാജ്യ സുരക്ഷക്കായുള്ള ഭരണഘടന വ്യവസ്ഥ ഇന്ദിരാഗാന്ധി അവരുടെ വ്യക്തിപരമായ അധികാരം സംരക്ഷിക്കുന്നതിനായി ദുരുപയോഗം ചെയ്യുകയായിരുന്നുവെന്ന് വിമർശകർ പറയുന്നു.

**Q.** ഇന്ത്യൻ ജനാധിപത്യം അടിയന്തരാവസ്ഥയിൽ നിന്ന് പഠിച്ച പാഠങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക?

1. അടിയന്തരാവസ്ഥ ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയും, ദൗർലഭ്യവും പുറത്തു കൊണ്ടുവന്നു. ഇന്ത്യയിൽ നിന്നും ജനാധിപത്യത്തെ പറിച്ചെറിയാൻ ബുദ്ധിമുട്ടാണെന്ന് ഇത് തെളിയിച്ചു.
2. അടിയന്തരാവസ്ഥയെ സംബന്ധിച്ച ഭരണഘടന വ്യവസ്ഥകൾ കുറ്റമറ്റതാക്കാൻ സാധിച്ചു. രാജ്യം സായുധ കലാപത്തിന്റെ ഭീഷണി നേരിടുമ്പോൾ മാത്രമേ ഇപ്പോൾ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ കഴിയൂ.
3. അടിയന്തരാവസ്ഥ പൗര സ്വാതന്ത്ര്യത്തിന്റെ മൂല്യത്തെ കുറിച്ച് എല്ലാവരേയും ബോധവാന്മാരാക്കി. പൗര സ്വാതന്ത്ര്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ അനേകം സംഘടനകൾ സ്ഥാപിക്കപ്പെട്ടു.

## Chapter 7

## ജനകീയ പ്രസ്ഥാനങ്ങളുടെ ഉദയം (Rise of Popular Movements)

1. പൂർണ്ണ രൂപം എഴുതുക 1. BKU 2. NBA 3. MKSS 4. BAMCEF

ഉ: **1. Bharatiya kisan Union 2. Narmada Bachao Aandolan**
**3. Mazdoor kisan shakthi Sangathan**
**4. Backward and Minortiy communities employees Federation**

2. മരങ്ങൾ സംരക്ഷിക്കാനായി 1970 കളിൽ ഉത്തരഖണ്ഡിൽ രൂപം കൊണ്ട പ്രസ്ഥാനം ഏത്?

ഉ: **ചിപ്കോ പ്രസ്ഥാനം**

3. വിവരാവകാശത്തിന് വേണ്ടിയുള്ള പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത സംഘടന

ഉ: **മസ്ദൂർ കിസാൻ ശക്തി സംഘതൻ**

4. ചാരായ വിരുദ്ധ പ്രസ്ഥാനം ആരംഭിച്ചത് ഏത് സംസ്ഥാനത്തിലാണ്? **ഉ: ആന്ധ്രപ്രദേശ്**

5. ദളിത് പാന്തേഴ്സ് രൂപം കൊണ്ടത് എത് സംസ്ഥാനത്തിലാണ് ? **ഉ: മഹാരാഷ്ട്ര (1972)**

6. **ചിപ്കോ പ്രസ്ഥാനത്തെ കുറിച്ച് വിവരിക്കുക**

Ans: ഉത്തരാഖണ്ഡിലെ ഗ്രാമങ്ങളിൽ മരങ്ങൾ സംരക്ഷിക്കുന്നതിനായി 1970 കളിൽ ആരംഭിച്ച സമരത്തെയാണ്ചിപ്കോ പ്രസ്ഥാനം എന്നു പറയുന്നത്. കാർഷികോപകരണങ്ങൾ നിർമ്മിക്കുന്നതിനായി മരങ്ങൾ മുറിക്കുന്നതിനുള്ള അനുവാദം വനം നംവകുപ്പ് ഗ്രാമീണർക്ക് നിഷേധിച്ചു. അതേസമയം ഒരു സ്പോർട്സ് കമ്പനിക്ക് ഇതേ പ്രദേശത്ത് വാണിജ്യാടിസ്ഥാനത്തിൽ മരം മുറിക്കാനുള്ളഅവകാശം നൽകുകയും ചെയ്തു. രോഷാകുലരായ ഗ്രാമീണർ ഗവൺമെന്റിനെതിരെ ശക്തമായ പ്രക്ഷോഭം ആരംഭിച്ചു . 1973 മാർച്ചിൽ ആ ഗ്രാമത്തിലെ ജനങ്ങൾ മരം മുറിക്കൽ ചെറുക്കുന്നതിന് പുതുമയുള്ള ഒരു സമരതന്ത്രം സ്വീകരിച്ചു. സ്ത്രീകളുൾപ്പെടെയുള്ള ഗ്രാമീണർ മരങ്ങൾകെട്ടിപ്പിടിച്ച് അവയെ വെട്ടിവീഴ്ത്തുന്നത് തടഞ്ഞു . ഈ പ്രതിഷേധങ്ങൾ ലോക പ്രസിദ്ധി നേടി. കൂടാതെ ഇന്ത്യയിൽ അത് ചിപ്കോ പ്രസ്ഥാനം എന്ന പേരിൽ ഒരു പരിസ്ഥിതി പ്രസ്ഥാനമായി വളരുകയും ചെയ്തു.

പരിസ്ഥിതി പ്രശ്നങ്ങൾ കൂടാതെ മേഖലയിലെ സാമ്പത്തിക ചൂഷണം, മദ്യപാനം പോലുള്ള സാമൂഹിക പ്രശ്നങ്ങൾ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ട് ജനങ്ങൾ ചിപ്കോ പ്രസ്ഥാനത്തിന്റെഅജണ്ട വിപുലപ്പെടുത്തി . പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, വനങ്ങൾ എന്നിവയുടെ മേൽ പ്രാദേശിക സമുദായങ്ങൾക്ക് നിയന്ത്രണം ഉണ്ടായിരിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു .

ഒടുവിൽ പ്രക്ഷോഭകാരികൾക്ക് മുന്നിൽ ഗവൺമെന്റ് കീഴടങ്ങി . അടുത്ത പതിനഞ്ച് വർഷത്തേക്ക് ഹിമാലയൻ പ്രദേശങ്ങളിൽ മരം മുറിക്കുന്നത് ഗവൺമെന്റ് നിരോധിച്ചു. സുന്ദർലാൽ ബഹുഗുണയായിരുന്നു ചിപ്കോ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തത്

7. **ദളിത് പാന്തേഴ്സിനെ കുറിച്ച് ചുരുക്കി വിവരിക്കുക.**

Ans: ദളിത് സമുദായത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ രൂപം കൊണ്ട സംഘടനയാണ് ദളിത് പാന്തേഴ്സ്. 1972 ൽ മഹാരാഷ്ട്രയിലെ ദളിത് യുവാക്കളാണ് ഈ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചത്. സംസ്ഥാനത്തിന്റെവിവിധഭാഗങ്ങളിൽ ദളിതർക്ക് നേരെവർദ്ധിച്ചുവരുന്ന അസമത്വങ്ങൾക്കും, അതിക്രമങ്ങൾക്കുമെതിരെ ഇവർ പോരാടി. എല്ലാ മർദ്ദിത ജനവിഭാഗങ്ങൾക്കുമായി ഒരു സംഘടന കെട്ടിപ്പടുക്കുക എന്നതായിരുന്നു പാന്തേഴ്സിന്റെ ഉദ്ദേശ്യം. ദളിതർക്കെതിരെയുള്ള സാമൂഹിക വിവേചനം അവസാനിപ്പിക്കുന്നതിനും, ജാതിവ്യവസ്ഥ ഇല്ലാതാക്കുന്നതിനും വേണ്ടി ഇവർ പോരാടി.നാമ്ദിയെ ദാസൽ, അർജുൻ ഡാൻഗെ, ജെ.വി.പവ്വാർ എന്നിവരായിരുന്നു ദലിത്

പാന്തേഴ്സിന്റെ നേതാക്കൾ. അടിയന്തരാവസ്ഥയ്ക്കുശേഷം ദളിത് പാന്തേഴ്സിന്റെ സ്വഭാവത്തിൽ മാറ്റങ്ങളുണ്ടായി. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ പല വിട്ടുവീഴ്ചകൾക്കും സംഘടനാ തയ്യാറായി. തുടർന്ന്സംഘടനയിലുണ്ടായ പിളർപ്പുകൾ ദലിത് പാന്തേഴ്സിന്റെ തകർച്ചയ്ക്ക് ഇടയാക്കി. അതിന്റെ സ്ഥാനത്ത് BAMCEF പോലുള്ള സംഘടനകൾ ഇടം പിടിച്ചു.

8. **ചാരായ വിരുദ്ധ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക**

Ans: ആന്ധ്രപ്രദേശിലെ ഗ്രാമപ്രദേശങ്ങളിൽ ചാരായ വിൽപ്പന നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്ത്രീകൾ ആരംഭിച്ച പ്രസ്ഥാനമാണ് ചാരായ വിരുദ്ധ പ്രസ്ഥാനം എന്നറിയപ്പെടുന്നത്. 1990 കളുടെ തുടക്കത്തിൽ ആന്ധ്രപ്രദേശിലെ നെല്ലൂർ ജില്ലയിലെ ദുബഗുണ്ട് ഗ്രാമത്തിലെ സ്ത്രീകളാണ് പുരുഷന്മാരുടെ അമിത മദ്യപാനത്തെക്കുറിച്ച് പരാതിപ്പെട്ടത്. ഇതവരുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ദുർബലപ്പെടുത്തുകയും, ഗ്രാമീണ സമ്പത്ത് വ്യവസ്ഥയെ തകിടം മറിക്കുകയും ചെയ്തു. മദ്യപാനത്തിന് ദോഷഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിച്ചത് സ്ത്രീകളായിരുന്നു. ചാരായ വിൽപ്പനക്കെതിരെ പ്രതിഷേധിക്കുന്നതിനും, വൈൻ ഷോപ്പുകൾ അടച്ചുപൂട്ടുന്നതിനുവേണ്ടി നെല്ലൂരിലെ സ്ത്രീകൾ ഒന്നിച്ചു കൂടുകയും മദ്യനിരോധനം ഏർപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രമേയങ്ങൾ പാസാക്കുകയും ചെയ്തു. പ്രതിഷേധത്തെതുടർന്ന് നെല്ലൂർ ജില്ലയിലെ ചാരായ ലേലം 17 തവണ മാറ്റിവെച്ചു. ക്രമേണ ഈ പ്രസ്ഥാനം സംസ്ഥാനത്തുടനീളം വ്യാപിച്ചു. ചാരായ വിൽപ്പന നിരോധിക്കുന്നതു കൂടാതെ സ്ത്രീകളുടെ ജീവിതത്തെ ബാധിച്ച വലിയ സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ പ്രശ്നങ്ങളെ ഇവർ സ്പർശിച്ചു. ഗാർഹിക പീഡനത്തിനന്റെ സ്വകാര്യ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ഇത് വേദിയൊരുക്കി

9. **നർമദാ ബച്ചാവോ ആന്തോളൻ (NBA) പ്രസ്ഥാനത്തെ കുറിച്ച് വിവരിക്കുക.**

Ans: നർമ്മദാ നദിക്ക് കുറുകെ വൻകിട ഡാമുകൾ നിർമ്മിക്കുന്ന പദ്ധതിക്കെതിരെ ആരംഭിച്ച പ്രസ്ഥാനമാണ് നർമ്മദാ ബച്ചാവോ ആന്തോളൻ. 1980കളുടെ തുടക്കത്തിൽ മധ്യപ്രദേശ് , ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലുടെ ഒഴുകുന്ന നർമ്മദാ നദിയിലും അതിന്റെ പോഷകനദികളിലുമായി 30 വലിയ അണക്കെട്ടുകളും 135 ഇടത്തരം അണക്കെട്ടുകളും 3000 ചെറുകിട അണക്കെട്ടുകളും നിർമ്മിക്കുന്ന ഒരു ബൃഹത് പദ്ധതിക്ക് ഗവൺമെന്റ് തുടക്കം കുറിച്ചു .
ഗുജറാത്തിലെ സർദാർ സരോവർ പദ്ധതി മഹാരാഷ്ട്രയിലെ നർമദാ സാഗർ പദ്ധതി എന്നിവയായിരുന്നു ഇതിലെ ഏറ്റവും പ്രധാനപ്പെട്ടഅണക്കെട്ടുകൾ. കുടിവെള്ളവിതരണം, ജലസേചനം, വൈദ്യുതി ഉൽപ്പാദനം വരൾച്ച വെള്ളപ്പൊക്ക നിയന്ത്രണം എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യങ്ങൾ. എന്നാൽ അണക്കെട്ട് നിർമാണം പൂർത്തിയാകുമ്പോൾ 37000 ഹെക്ടർ വനവും കൃഷിഭൂമിയും 245 ഗ്രാമങ്ങളും വെള്ളത്തിനടിയിലാകുമെന്ന് കണക്കാക്കപ്പെട്ടു . രണ്ടരലക്ഷത്തോളം ജനങ്ങളെ ഈ ഗ്രാമത്തിൽനിന്ന് മാറ്റിപാർപ്പിക്കേണ്ടിവരും. മണ്ണും വീടും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിലവിൽ വന്ന സംഘടനകളുടെകൂട്ടായ്മയായി നർമ്മദാ ബച്ചാവോ ആന്തോളൻ എന്ന സംഘടന രൂപംകൊണ്ടു . പരിസ്ഥിതിപ്രശ്നങ്ങളും മനുഷ്യാവകാശ പ്രശ്നങ്ങളും ചൂണ്ടിക്കാട്ടി NBA പദ്ധതിയെ എതിർത്തു. ജനപങ്കാളിത്തമില്ലാതെ വികസനപദ്ധതികൾ കേന്ദ്രീകൃതമായിനടപ്പിലാക്കുന്നതിനെയും ചആഅ ചോദ്യം ചെയ്തു . വികസന പദ്ധതികളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുമ്പോൾ അതിൽ പ്രാദേശിക സമുദായങ്ങൾക്കും പങ്കുണ്ടായിരിക്കണമെന്ന്പ്രസ്ഥാനം ആവശ്യപ്പെട്ടു. പ്രകൃതി വിഭവങ്ങളായ ഭൂമി, വനം, വെള്ളം എന്നിവയുടെ മേൽ പ്രാദേശിക ജനങ്ങൾക്കും ഫലപ്രദമായ നിയന്ത്രണങ്ങൾ ഉണ്ടായിരിക്കണമെന്ന് ചആഅ ആവശ്യപ്പെട്ടു . ഈ പരിഗണനകളാണ് അണക്കെട്ട് നിർമ്മാണത്തെ പാടെ എതിർക്കാൻ NBA യെ പ്രേരിപ്പിച്ച ഘടകങ്ങൾ. ഇരകൾക്ക് മാന്യമായ

നഷ്ടപരിഹാരം നല്കണമെന്ന് ചആഅ ഇന്നും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. മേധാ പഠ്കർ NBA ക്ക് നേതൃത്വം നൽകുന്നു.

**10. വിവരാവകാശ പ്രസ്ഥാനത്തെ (RTI) കുറിച്ച് ചെറുകുറിപ്പെഴുതുക.**

Ans: 1990 കളിലാണ് വിവരാവകാശത്തിനു വേണ്ടിയുള്ള (RTI) പ്രസ്ഥാനം ആരംഭിച്ചത്. മസ്ദൂർ കിസാൻ ശക്തി സംഘാതൻ (MKSS) എന്ന സംഘടനയാണ് ഇതിന് തുടക്കം കുറിച്ചത്. രാജസ്ഥാനിലെ ഭീമ താലൂക്കിലാണ് വിവരാവകാശത്തിന് വേണ്ടിയുള്ള ആവശ്യം ആദ്യമായി ഉന്നയിച്ചത് . ക്ഷാമകാലത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെയും തൊഴിലാളികളുടെ കണക്കുകളുടെയും രേഖകൾ ങഗടട ആവശ്യപ്പെട്ടതോടെയാണ് ഈ പ്രസ്ഥാനത്തിന് തുടക്കമായത് . 1994 ലും1996 ലും ങഗടട പൊതു വിചാരണ സംഘടിപ്പിക്കുകയും അവിടെ വെച്ച് ഭരണാധികാരികളോട് തങ്ങളുടെ നിലപാട് പൊതുജനങ്ങൾക്കു മുന്നിൽ വിശദീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു . തുടർന്ന് പഞ്ചായത്ത് രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ അനുവദിച്ചു കൊണ്ട് രാജസ്ഥാനിൽ പഞ്ചായത്ത് രാജ് നിയമം ഭേദഗതി വരുത്താൻ ഗവൺമെന്റ് തയ്യാറായി. 2002 ൽ കേന്ദ്ര ഗവൺമെന്റ് ദുർബലമായ ഒരു വിവരാവകാശ നിയമം കൊണ്ടുവന്നെങ്കിലും അത് നടപ്പായില്ല. തുടർന്ന് 2004 ൽ പാർലമെന്റിൽ മറ്റൊരു വിവരാവകാശ ബില്ല് അവതരിപ്പിക്കപ്പെട്ടു. 2005 ജൂണിൽരാഷ്ട്രപതിയുടെ അനുമതി ലഭിച്ചതോടെ വിവരാവകാശ നിയമം (RTI ACT) പ്രാബല്യത്തിൽ വന്നു

**11. ദേശീയ മത്സ്യത്തൊഴിലാളി ഫോറത്തെ (National fish Workers' forum) കുറിച്ച് കുറിപ്പെഴുതുക**

Ans: മത്സ്യ ത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ രൂപം കൊണ്ട സംഘടനയാണിത് . 1970 കളിൽ യന്ത്ര ബോട്ടുകൾ ഉപയോഗിച്ചുള്ള ആഴക്കടൽ മത്സ്യബന്ധനത്തിന് ഗവൺമെന്റ് അനുവാദം നൽകി . ഇത് രാജ്യത്തെ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ജീവിതവൃത്തിക്ക് ഭീഷണിയായിത്തീർന്നു. ഫിഷറീസ് സംസ്ഥാന വിഷയമായതിനാൽ പ്രാദേശികതലത്തിൽ സമരങ്ങൾ നടന്നു. ഗവൺമെന്റിന്റെ ഉദാരവൽക്കരണ നയങ്ങൾ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിന് കൂടുതൽ വെല്ലുവിളികൾ ഉയർത്താൻ തുടങ്ങിയതോടെ ദേശീയതലത്തിൽ ഒന്നിച്ചുനിന്ന് സമരം ചെയ്യേണ്ടതിന്റെ ആവശ്യകത അവർക്ക് ബോധ്യപ്പെട്ടു . തുടർന്ന് രൂപം നൽകിയ സംഘടനയാണ് നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം .1991 ൽ ബഹുരാഷ്ട്ര മത്സ്യബന്ധന കമ്പനികൾക്ക് വലിയ വാണിജ്യബോട്ടുകൾ ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് ഇന്ത്യയുടെ സമുദ്ര മേഖലകൾ തുറന്നുകൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചു .ഇതിനെതിരെ ചഎഎ നിയമയുദ്ധം നടത്തിവിജയം കൈവരിച്ചു

**12 . ഭാരതീയ കിസാൻ യൂണിയന്റെ (BKU) പ്രവർത്തനങ്ങളെ കുറിച്ച് വിവരിക്കുക.**

Ans: കർഷകരുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി രൂപം കൊണ്ട സംഘടനയാണ് ആഗഡ. കർഷകരുടെ അവസ്ഥ മെച്ചപ്പെടുത്താൻ 1980 കളിലെ കർഷക പ്രക്ഷോഭങ്ങളിലെ പ്രധാനപ്പെട്ട സംഘടനയായിരുന്നു ഭാരതീയ കിസാൻ യൂണിയൻ (BKU).

ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ ഉദാരവൽക്കരണ നയങ്ങൾ മൂലം പഞ്ചാബ്, ഹരിയാന, പടിഞ്ഞാറൻ ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ കരിമ്പ്, ഗോതമ്പ് എന്നീനാണ്യവിളകൾ കൃഷി ചെയ്തിരുന്ന കർഷകർ പ്രതിസന്ധിയിലായി. തുടർന്ന് ആഗഡ ഗവൺമെന്റിന് മുന്നിൽ താഴെ പറയുന്ന ചില ആവശ്യങ്ങൾ ഉന്നയിച്ചു .

1. കരിമ്പിനും ഗോതമ്പിനും ഉയർന്ന തറവില നിശ്ചയിക്കുക.
2. കാർഷിക ഉൽപ്പന്നങ്ങളുടെ അന്തർസംസ്ഥാന നീക്കങ്ങളുടെ മേലുള്ള നിയന്ത്രണങ്ങൾ റദ്ദാക്കുക
3. ന്യായമായ നിരക്കിൽ വൈദ്യുതി വിതരണം ഉറപ്പുവരുത്തുക.

4. കാർഷിക വായ്പാ കുടിശ്ശിക എഴുതിതള്ളുക .

5. കർഷക പെൻഷൻ ഏർപ്പെടുത്തുക, എന്നിവയായിരുന്നു ആവശ്യങ്ങൾ.

നിരവധി അംഗങ്ങളുള്ള ഒരു സംഘടന എന്ന നിലയിൽ രാഷ്ട്രീയത്തിൽ ഒരു സമ്മർദ്ദ ഗ്രൂപ്പ് ആയി മാറാൻ ആഗഡ വിന് സാധിച്ചു . അതുകൊണ്ടുതന്നെ സംഘടന മുന്നോട്ട് വച്ച സാമ്പത്തിക ആവശ്യങ്ങളിൽ ചിലത് ഗവൺമെന്റ് അംഗീകരിച്ചു . 1990 കളുടെ ആരംഭത്തിൽ ആഗഡ എല്ലാ രാഷ്ട്രീയ കക്ഷികളിൽ നിന്നും അകന്നു നിന്നു. അതൊരു സമ്മർദ്ധ ഗ്രൂപ്പായി പ്രവർത്തിച്ചു. കർഷകരുടെ പല ആവശ്യങ്ങളും നേടിയെടുത്തു.

13. **ജനകീയ പ്രസ്ഥാനങ്ങളിൽനിന്നുള്ള പാഠങ്ങൾ എന്തെല്ലാം (Lessons from People's Movements).**

1. ജനാധിപത്യ രാഷ്ട്രീയത്തിന്റെ സ്വഭാവം കൂടുതൽ വ്യക്തമായി മനസിലാക്കാൻ ഈ ജനകീയപ്രസ്ഥാനങ്ങളുടെ ചരിത്രം സഹായിക്കുന്നു.

2. ഈ കക്ഷിരഹിത പ്രസ്ഥാനങ്ങൾ കക്ഷിരാഷ്ട്രീയ പ്രവർത്തനത്തിലുള്ള ചില പോരായ്മകൾ പരിഹരിക്കാൻ വളർന്നുവന്നവയാണ്.

3. കക്ഷിരാഷ്ട്രീയഭരണത്തിന് പരിഹരിക്കാനാകാത്ത സാമ്പത്തിത്തിക സാമൂഹ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജനകീയ പ്രസ്ഥാനങ്ങൾക്ക് സാധിക്കുന്നു.

4. ജനകീയ പ്രസ്ഥാത്തിലൂടെ വിവിധ ഗ്രൂപ്പുകൾക്ക് പ്രാതിനിധ്യം ലഭിക്കുന്നു

5. സാമൂഹ്യ സംഘർഷങ്ങൾക്കുള്ള സാധ്യത ലഘൂകരിക്കാനും ജനാധിപത്യ സംവിധാനത്തിൽനിന്ന് വിട്ടുനിൽക്കുന്നത് കുറയ്ക്കാനും ഇത് സഹായിക്കുന്നു.

14. **ജനകീയ പ്രസ്ഥാനങ്ങൾക്ക് എതിരെയുള്ള വിമർശനങ്ങൾ**

1. ജനകീയ പ്രസ്ഥാനങ്ങൾ സർക്കാരിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു.
2. ജനകീയ പ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ സർക്കാരിന്റെ തീരുമാനങ്ങൾ വൈകിപ്പിക്കുന്നു.
3. ജനകീയ പ്രക്ഷോഭങ്ങൾ ജനാധിപത്യത്തെ അസ്ഥിരപ്പെടുത്തുന്നു.

## Part I - Chapter 8

## പ്രാദേശിക അഭിലാഷങ്ങൾ

1. ജമ്മു കാശ്മീരിലെ രാജാവ് - രാജാ ഹരിസിംഗ്
2. കശ്മീരി സ്വത്വം അറിയപ്പെടുന്നത് - കാശ്മീരിയത്ത്
3. കാശ്മീരിനു പ്രത്യേക പദവി നൽകിയിരുന്ന ഇന്ത്യൻ ഭരണഘടനാ വകുപ്പ് – ആർട്ടിക്കിൾ 370
4. ജമ്മുകാശ്മീരിലെ രാഷ്ട്രീയ പാർട്ടിയായ നാഷണൽ കോൺഫറൻസിന്റെ സ്ഥാപകൻ - ഷെയ്ഖ് അബ്ദുള്ള
5. ബലപ്രയോഗത്തിലൂടെ കാശ്മീരിനെ കൈവശപ്പെടുത്താൻ പാകിസ്ഥാൻ രൂപം നൽകിയ പദ്ധതി. – ഓപ്പറേഷൻ ജിബ്രാൾട്ടർ
6. പാകിസ്ഥാൻ നിയമവിരുദ്ധമായി കൈവശം വെച്ചിരിക്കുന്ന കാശ്മീരിന്റെ ഭാഗമാണ് പാക്ക് അധീന കാശ്മീർ. പാകിസ്ഥാൻ ഇതിനെ വിശേഷിപ്പിക്കുന്നത് ആസാദ് കാശ്മീർ എന്നാണ്
7. ജമ്മു കാശ്മീരിനെ മൂന്ന് രാഷ്ട്രീയ സാമൂഹ്യ മേഖലകളായി തിരിച്ചിരിക്കുന്നു
    - ജമ്മു
    - കാശ്മീർ
    - ലഡാക്ക്
8. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 370 പ്രകാരം ജമ്മു കാശ്മീരിനുള്ള ചില പ്രത്യേകതകൾ
    - ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ കൂടുതൽ സ്വയം ഭരണാധികാരം ലഭിച്ചു
    - സ്വന്തമായ ഭരണ ഘടനയുണ്ട്
    - ഇന്ത്യൻ ഭരണഘടനയിലെ പല വ്യവസ്ഥകളും ജമ്മുകാശ്മീരിന് ബാധകമല്ല. ഇന്ത്യൻ പാർലമെന്റ് പാസാക്കുന്ന നിയമങ്ങൾ സംസ്ഥാനം അംഗീകരിക്കുക യാണെങ്കിൽ മാത്രമേ ജമ്മു കാശ്മീരിന് ബാധകമാകുകയുള്ളൂ.

ഇന്ത്യൻ ഭരണഘടനയിലെ എല്ലാ വ്യവസ്ഥകളും ജമ്മു കാശ്മീരിന് ബാധകമാക്കുന്ന ഒരു ഭരണഘടനാ ഉത്തരവ് 2019 ഓഗസ്റ്റ് 5 ന് ഇന്ത്യൻ സർക്കാർ പുറപ്പെടുവിച്ചു. മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ഇന്ത്യയുടെ പാർലമെന്റിന്റെ ഇരുസഭകളും പ്രമേയം പാസാക്കി. ആർട്ടിക്കിൾ 370 മരവിപ്പിച്ചു.

## കാശ്മീർ പ്രശ്നം

ഇന്ത്യക്കകത്തും പുറത്തും നിരവധി കോലാഹലങ്ങൾക്ക് കാശ്മീർ പ്രശ്നം വേദിയായിട്ടുണ്ട്. നാട്ടുരാജ്യമായിരുന്ന കാശ്മീരിനെ ഭരണാധികാരിയായിരുന്ന രാജാ ഹരിസിംഗ് ഇന്ത്യയിലോ, പാകിസ്ഥാനിലോ ചേർക്കാതെ സ്വതന്ത്രരാജ്യമായി നിലനിർത്തുവാൻ ആഗ്രഹിച്ചു. എന്നാൽ മുസ്ലിം ഭൂരിപക്ഷമുള്ള കശ്മീർ തങ്ങളുടെ ഭാഗമാണെന്ന് പാക്കിസ്ഥാൻ വാദിച്ചു.

ഷെയ്ഖ് അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള ജനകീയ പ്രസ്ഥാനം രാജാവിനെ പുറത്താക്കാൻ ശ്രമിച്ചു. എന്നാൽ പാക്കിസ്ഥാനിൽ ചേരാൻ ഇവർ വിസമ്മതിച്ചു.. ജമ്മു കശ്മീരിൽ രാജവാഴ്ച അവസാനിച്ചു. 1948 ഷേക്ക്അബ്ദുള്ള ജമ്മുകാശ്മീരിലെ പ്രധാനമന്ത്രിയായി.

കാശ്മീർ പ്രശ്നത്തിന് ആന്തരികവും ബാഹ്യവുമായ തലങ്ങളുണ്ട്

- കാശ്മീരിന് മേലുള്ള പാകിസ്ഥാന്റെ അവകാശവാദങ്ങളാണ് ബാഹ്യമായ തർക്കങ്ങൾക്ക് കാരണമായത് .
- കാശ്മീരിലെ വിഭാഗീയ രാഷ്ട്രീയം, ആർട്ടിക്കിൾ 370 എന്നിവയായാണ് ആന്തരികമായ തർക്കങ്ങളിലേക്കു നയിച്ചത്

**ബാഹ്യ തർക്കങ്ങൾ**

- കാശ്മീർ തങ്ങളുടെ പ്രദേശമാണെന്ന് പാകിസ്ഥാൻ എപ്പോഴും അവകാശപ്പെടുന്നു. കാശ്മീരിന്റെ ഒരു ഭാഗം പാകിസ്ഥാൻ ഇപ്പോഴും കൈവശം വെച്ച് കൊണ്ടിരിക്കുന്നു ഇതിനെ അവർ 'ആസാദ് കാശ്മീർ' എന്നാണ് വിശേഷിപ്പിച്ചത്.

**ആഭ്യന്തര തർക്കങ്ങൾ**

- ഭരണഘടനയുടെ 370 വകുപ്പ് പ്രകാരം കാശ്മീരിന് നൽകിയ പ്രത്യേക പദവി ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമാണെന്ന് കാശ്മീരിന് പുറത്തുള്ള ആളുകൾ വിശ്വസിച്ചു.
- ആർട്ടിക്കിൾ 370 ലൂടെ നൽകിയ പ്രത്യേക പരിഗണനകൾ അപര്യാപ്ത മാണെന്ന് കാശ്മീരിലെ ഒരു വിഭാഗം ആളുകൾ വിശ്വസിച്ചു.

**ജമ്മു കാശ്മീരിലെ മൂന്ന് വിഘടനവാദ ചിന്താഗതികൾ**

- ഇന്ത്യ പാക്കിസ്ഥാൻ എന്നിവയിൽ നിന്നും സ്വതന്ത്രമായ ഒരു കാശ്മീർ രാഷ്ട്രം സ്ഥാപിക്കുക

- കാശ്മീരിനെ പാകിസ്ഥാനിൽ ലയിപ്പിക്കുക
- ജമ്മു കാശ്മീരിനെ കൂടുതൽ സ്വയം ഭരണാവകാശങ്ങളോടെ ഇന്ത്യയിൽ നില നിർത്തുക

9. ദ്രാവിഡ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ - ഇ. വി. രാമസ്വാമി നായ്ക്കർ
10. സ്വാഭിമാന പ്രസ്ഥാനം - ഇ. വി. രാമസ്വാമി നായ്ക്കർ
11.

| പ്രസ്ഥാനം | സ്ഥാപകൻ | പ്രദേശം |
|---|---|---|
| ദ്രാവിഡ കഴകം (DK) 1944 | ഇ. വി രാമസ്വാമി നായ്ക്കർ (പെരിയാർ) | തമിഴ്നാട് |
| ദ്രാവിഡ മുന്നേറ്റ കഴകം (DMK) 1949 | സി. എൻ അണ്ണാദുരൈ | തമിഴ്നാട് |
| അഖിലേന്ത്യാ ദ്രാവിഡ മുന്നേറ്റ കഴകം (AIADMK) | എം. ജി. രാമചന്ദ്രൻ (MGR) | തമിഴ്നാട് |
| പട്ടാളി മക്കൾ കക്ഷി | ഡോ: രാംദാസ് | തമിഴ്നാട് |
| നാഗ നാഷണൽ കൌൺസിൽ | അംഗാമി സാഫു ഫീസോ | നാഗാലാന്റ് |
| മറുമലർച്ചി ദ്രാവിഡ മുന്നേറ്റ കഴകം (MDMK) | വൈ. ഗോപാല സ്വാമി (വൈക്കോ) | തമിഴ്നാട് |
| ദേശീയ മൂർപോക്ക് ദ്രാവിഡ കഴകം (DMDK) | വിജയകാന്ത് | തമിഴ്നാട് |
| ആസ്സാം ഗണപരിഷത്ത്(AGP) | പ്രഫുല്ല മഹന്ത | ആസ്സാം |
| നാഷണൽ കോൺഫറൻസ് | ശൈഖ് അബ്ദുള്ള | ജമു കാശ്മീർ |
| അകാലിദൾ | മാസ്റ്റർ താരാ സിംഗ് | പഞ്ചാബ് |
| മിസോ നാഷണൽ ഫ്രണ്ട് (MNF) | ലാൽ ഡെംഗ | മിസ്സോറം |
| സിക്കിം നാഷണൽ കോൺഗ്രസ്സ് | ഖാസി ലെൻഡൂപ് ഡോർജി ഖങ്സർപ്പ | സിക്കിം |

12. ദ്രാവിഡ പ്രസ്ഥാനം
    ഇന്ത്യയിലെ ആദ്യകാല പ്രാദേശിക പ്രസ്ഥാനം